OASIS
Older Adults Sharing In Service
NEWS BULLETIN
STATE BANK OF INDIA PENSIONER'S ASSOCIATION (KERALA)
KOTTAYAM DISTRICT CENTRE

**Vol. 2** Book 7 **Regd. No. ER/450/2001** **Date:31.07.2020**

## പത്രാധിപക്കുറിപ്പ്

# ജൂലൈ ഒന്ന് ദേശീയ ഭിഷഗ്വര ദിനം





കെ രാജീവൻ, പ്രസിഡന്റ്

1991 മുതൽക്കാണ് ഭാരതത്തിൽ ജൂലൈ ഒന്ന് ദേശീയ ഭിഷഗ്വരദിനം അഥവാ ഡോക്ടേഴ്സ് ഡേ എന്ന നിലയിൽ ആചരിക്കാൻ തുടങ്ങിയത്. അമേരിക്ക, ക്യൂബ ഇറാൻ തുടങ്ങിയ ലോകത്തിലെ മറ്റ് രാഷ്ട്രങ്ങളിൽ വേറെ വേറെ തീയതികളിൽ ഡോക്ടേഴ്സ് ദിനം ആചരിച്ചു വരുന്നു. ചില രാജ്യങ്ങളിൽ ഈ ദിനം അവധി ദിവസമാണ്. ഭിഷഗ്വരന്മാരുടെ സേവനങ്ങൾ സ്വീകരിക്കുന്ന രോഗികളോ ആരോഗ്യ സംരക്ഷണ മേഖലയുടെ ഗുണഭോക്താക്കളോ ആണ് ഈ ദിനം സംഘടിപ്പിക്കേണ്ടതെങ്കിലും സാധാരണയായി ആരോഗ്യ സംരക്ഷണ സംഘടനകളാണ് ഭിഷഗ്വര ദിനം സംഘടിപ്പിക്കുന്നത്. ദിനാചരണത്തിന്റെ ഭാഗമായി ഭിഷഗ്വരന്മാർക്ക് പൂച്ചെണ്ടുകൾ നൽകുകയും അവർക്ക് പ്രത്യേക സദ്യ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്.

സ്വാതന്ത്ര്യസമര സേനാനിയും പശ്ചിമബംഗാളിലെ രണ്ടാമത്തെ മുഖ്യമന്ത്രി യുമായിരുന്ന ഡോ ബിധാൻ ചന്ദ്ര റോയിയുടെ ജന്മദിനമായ ജൂലായ് ഒന്നാണ് ദേശീയ ഭിഷഗ്വരദിനമായി ഇന്ത്യയിൽ ആചരിച്ചു വരുന്നത്.



**Dr. Bidhan Chandra RoyBidhan Chandra Roy MD DSc MRCP, FRCS**

1882 ജൂലൈ ഒന്നിന് ബീഹാർ സംസ്ഥാനത്ത് പാറ്റ്ന ജില്ലയിലെ ബങ്കിപ്പൂർ എന്ന് സ്ഥലത്ത് സാധാരണ ബംഗാളി കുടുംബത്തിൽ ജനിച്ച ഡോക്ടർ ബി. സി.

SBI PENSIONERS ASSOCIATION KERALA
KOTTAYAM- DISTRICT CENTRE, MARIYA BHAVAN I FLOOR,KUMARANALLOOR .P.O. KOTTAYAM Pin-686 016
Tel: 0481 25 67 373, Mobile : 9446424407, 9446046899, 9446122245
email: sbipakktym@gmail.com

റോയിയുടെ ചരമദിനവും എൺപത് വർഷങ്ങൾക്കിപ്പുറത്തെ മറ്റൊരു ജൂലായ് ഒന്നായിരുന്നു എന്നത് തികച്ചും യാദൃശ്ചികം തന്നെ. 1948ൽ പശ്ചിമ ബംഗാൾ സംസ്ഥാന മുഖ്യമന്ത്രിയായി ചുമതലയേറ്റ അദ്ദേഹം 1962 ജൂലൈ മാസം ഒന്നാം തീയതി ഈ ലോകത്തോട് വിടപറയുന്ന നിമിഷം വരെ ആ സ്ഥാനത്ത് തുടർന്നു. തന്റെ ഔദ്യോഗിക ജീവിതത്തിലൂടെ അക്കാലമത്രയും നേടിയ സമ്പാദ്യം മുഴുവനും സമൂഹത്തിലെ പാവപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണത്തിനായി അദ്ദേഹം ചിലവഴിച്ചു എന്നത് മറ്റുള്ളവരിൽ നിന്നും അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നു. സ്വാതന്ത്ര്യ സമര സേനാനി, വിദ്യാഭ്യാസ വിചക്ഷണൻ, എന്നീ നിലകളിൽ പ്രശസ്തി കൈവരിച്ച ഈ അതുല്യ പ്രതിഭയെ 1961 ൽ ഭാരതത്തിലെ ഏറ്റവും വലിയ സിവിലിയൻ ബഹുമതിയായ ഭാരതരത്നം. നൽകി ഭാരത സർക്കാർ ആദരിച്ചു.




ഇൻഡ്യാ പോസ്റ്റ് ഡോ.ബി.സി.റോയിയുടെ സ്മരണാർത്ഥം പുറത്തിറക്കിയ സ്റ്റാമ്പ്.

താരാശങ്കർ ബാനർജിയുടെ വിഖ്യാത നോവലായ ആരോഗ്യ നികേതനത്തിലെ ജീവൻ മശായ് എന്ന മാതൃകാ ഭിഷഗ്വരനെപ്പോലെ, ആതുര ശുശ്രൂഷാ രംഗത്തെ, ഡോക്ടർ ബിധാൻ ചന്ദ്ര റോയിയുടെ നിസ്തുലമായ സംഭാവനകൾ ലോകമുള്ളിടത്തോളം കാലം സ്മരിക്കപ്പെടും എന്നത് നിസ്തർക്കമാണ്.

ഇക്കഴിഞ്ഞ ജൂലൈ ഒന്ന് കഴിഞ്ഞ കാല ദേശീയ ഭിഷഗ്വരദിനങ്ങളിൽ നിന്നും വേറിട്ട പ്രാധാന്യത്തോടെ നിലനിൽക്കുന്നു. കോവിഡ് മഹാമാരിയുടെ സംഹാരതാണ്ഡവത്തിൽ, അനുദിനം ആളിപ്പടർന്ന് കേറുന്ന രോഗവ്യാപനത്തിന്റെ അതിഭീതിദമായ കണക്കുകളിലും നിയന്ത്രണാതീതമായി പെരുകുന്ന മരണസംഖ്യകളിലും സ്തംഭിച്ചു നിൽക്കുന്ന പരസഹസ്രം മനുഷ്യർക്കിടയിലൂടെ ജീവന്റെ അവസാന ശ്വാസം നിലനിർത്താൻ, കുടുംബത്തെയും കുഞ്ഞുങ്ങളേയും, എന്തിനധികം, സ്വന്തം ജീവനെപ്പോലും മറന്നു അഹോരാത്രം പ്രവർത്തിക്കുന്ന എണ്ണമറ്റ ഡോക്ടർമാർക്കും ആരോഗ്യ സേവകർക്കും വേണ്ടിയുള്ള സമർപ്പണമാവട്ടെ ഈ ജൂലൈ ഒന്നെന്ന നമ്മുടെ ദേശീയ ഭിഷഗ്വരദിനം.

ജീവിതത്തിനും മരണത്തിനുമിടയ്ക്ക് ദൈവദൂതന്മാരായാണ് ഡോക്ടറെ നാം കാണുന്നത്. മഹാമാരിയുടെ ഈ കാലഘട്ടത്തിൽ സ്വന്തം ജീവനവഗണിച്ചുള്ള രാപകലില്ലാതെയുള്ള അവ രുടെ സേവനത്തിനു മുന്നിൽ പ്രണാമം!!



സാൾട്ട് ലേക്ക് സിറ്റിയിലെ ഡോ. ബിദാൻ ചന്ദ്ര റോയിയുടെ പ്രതിമ

# സ്റ്റേറ്റ് ബാങ്കിന്റെ 65-ാം പിറന്നാൾ ദിനം

ജൂലൈ ഒന്ന് സ്റ്റേറ്റ് ബാങ്ക് അതിന്റെ ജന്മദിനമായി ആഘോഷിക്കുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ പ്രഥമ പരിഗണനയർഹിച്ചിരുന്ന വിഷയം രാജ്യവ്യാപകമായി നിലനിന്ന ദാരിദ്ര്യമായിരുന്നല്ലോ. 1943 ലെ ബംഗാൾ ക്ഷാമവും ലക്ഷങ്ങളുടെ പട്ടിണി മരണവും രാജ്യ രാജ്യാന്തരങ്ങൾ തോറും ഭക്ഷ്യ ധാന്യം കടം ചോദിച്ച് വാങ്ങിയിരുന്നതുമെല്ലാം ഇന്നൊരു ഓർമ്മ മാത്രമായി മാറിയതിന് പിന്നിൽ ഭാരതീയ സ്റ്റേറ്റ് ബാങ്കിന്റെ പിറവിയുടെ നിറസാന്നിദ്ധ്യമായിരുന്നുവെന്ന് ഇന്നെത്ര പേർക്കറിയാം?

ഗ്രാമീണ സമ്പദ് വ്യവസ്ഥയെ കൈപിടിച്ചുയർത്താൻ സർക്കാരിന്റെ കൈയ്യിൽ ഒരേയൊരു

ബാങ്കേ അന്ന് ഉണ്ടായിരുന്നുള്ളു. ഇംപീരിയൽ ബാങ്ക് ഓഫ് ഇൻഡ്യ. അതിന്റെ ലക്ഷ്യം റൂറൽ ക്രെഡിറ്റ് എന്ന കുന്തമുനയിലേയ്ക്ക് തിരിച്ചു വിട്ടത് ഗോർവാലേക്കമ്മറ്റി റിപ്പോർട്ടായിരുന്നു. ബാക്കിയെല്ലാം ചരിത്രം!

## രണ്ട് നൂറ്റാണ്ട് പിന്നിട്ട് മുന്നോട്ട്




## ചരിത്രം

### പിന്നിട്ട നാഴികക്കല്ലുകൾ

- 1806ൽ ബ്രിട്ടീഷ് ആധിപത്യത്തിൽ തലസ്ഥാനമായിരുന്ന ബംഗാളിൽ ബാങ്ക് ഓഫ് കൽക്കട്ട സ്ഥാപിച്ചു.
- 1809ൽ ബാങ്ക് ഓഫ് കൽക്കട്ടയെ ബാങ്ക് ഓഫ് ബംഗാൾ എന്ന പ്രസിഡൻസി ബാങ്കാക്കി മാറ്റി.
- 1840ൽ ബോംബെ കേന്ദ്രമാക്കി ബാങ്ക് ഓഫ് ബോംബെ എന്ന പ്രസിഡൻസി ബാങ്കിന് രൂപം കൊടുത്തു.
- 1843ൽ മദ്രാസ് കേന്ദ്രമാക്കി തെന്നിന്ത്യയിലേക്ക് വേണ്ടി ബാങ്ക് ഓഫ് മദ്രാസ് എന്ന പ്രസിഡൻസി ബാങ്ക് ആരംഭിച്ചു.
- 1921ൽ എല്ലാ പ്രസിഡൻസി ബാങ്കുകളേയും ലയിപ്പിച്ച് ഇംപീരിയൽ ബാങ്ക് ഓഫ് ഇൻഡ്യ എന്ന ഒറ്റ ബാങ്കാക്കി മാറ്റി.
- 1951ൽ സ്വാതന്ത്ര്യാനന്തരം റൂറൽ ക്രെഡിറ്റ് സർവ്വേയ്ക്കായി ഗോർവാലേ കമ്മറ്റി രൂപീകരിച്ചു.
- 1955 ൽ ഗോർവാലെ കമ്മറ്റിയുടെ ശുപാർശ അംഗീകരിച്ചു കൊണ്ട് സ്റ്റേറ്റ് ബാങ്ക് ഒഫ് ഇൻഡ്യ ആക്റ്റ് 1955 പാർലമെന്റ് പാസ്സാക്കി.
- 1955 ജൂലൈ മാസം 1 ന് സ്റ്റേറ്റ് ബാങ്ക് ഒഫ് ഇൻഡ്യ നിലവിൽ വന്നു. അങ്ങനെ ജൂലൈ ഒന്ന് സ്റ്റേറ്റ് ബാങ്കിന്റെ പിറന്നാളു മായി.
- 1959ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ (സബ്സിഡിയറി ബാങ്ക് ആക്റ്റ് 1959) പാർലമെന്റ് പാസ്സാക്കി.
- 8 നാട്ടുരാജാക്കന്മാരുടെ കൈവശമുണ്ടായിരുന്ന എട്ട് ബാങ്കുകൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ സബ്സിഡിയറി ബാങ്കുകളായി. പിന്നീട് അസ്സോസിയേറ്റ് ബാങ്കുകളായി അറിയപ്പെട്ടിരുന്ന ബാങ്കുകളായിരുന്നു അവ :
  1) സ്റ്റേറ്റ് ബാങ്ക് ഓഫ് ബിക്കാനിർ
  2) സ്റ്റേറ്റ് ബാങ്ക് ഓഫ് ജയ്പൂർ
  3) സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദരാബാദ്
  4) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡോർ
  5) സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ
  6) സ്റ്റേറ്റ് ബാങ്ക് ഓഫ് പാട്ട്യാല
  7) സ്റ്റേറ്റ് ബാങ്ക് ഓഫ് സൗരാഷ്ട്ര
  8) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നിവ.
- ഇവയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ബിക്കനിർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ജയ്പൂർ എന്നീ ബാങ്കുകൾ ലയിപ്പിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ബിക്കാനിർ & ജയ്പൂർ ആക്കി.
- പിന്നീട് 2008ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് സൗരാഷ്ട്രയും 2010ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡോറും 2017 ഏപ്രിൽ ഒന്നിന് മറ്റ് അസ്സോസിയേറ്റ് ബാങ്കുകളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ ലയിപ്പിച്ചു.

# എസ് ബി ഐ പെൻഷനേഴ്സ അസോസിയേഷൻ

## കോട്ടയം യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മറ്റി യോഗം മാറ്റിവച്ചു

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ 2020 ജൂലൈ മാസത്തിലെ ഭരണ സമിതി യോഗം കോവിഡ് 19 ന്റെ ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ മൂലം മാറ്റിവച്ചിരിക്കുന്ന വിവരം അറിയിച്ചു കൊള്ളുന്നു. പുതിയ തിയതി ലോക്ക്ഡൗൺ പിൻവലിക്കുന്ന മുറയ്ക്ക് അറിയിക്കുന്നതായിരിക്കുമെന്ന് ജില്ലാ സെക്രട്ടറി ശ്രീ.പി.എം. ജേക്കബ്ബ് അറിയിച്ചു. കൊവിഡ്–19 സാമൂഹ്യ

വ്യപനത്തിന്റെ വക്കിലെത്തി നില്ക്കെ മുതിർന്ന പൌരന്മാരായ നാം കൊറോണയ്ക്കെതിരെ പ്രത്യേകം ജാഗരൂകരായിരിക്കുവാൻ അദ്ദേഹം അഭ്യർത്ഥി ച്ചു.



ജില്ലാ സെക്രട്ടറി ശ്രീ.പി.എം. ജേക്കബ്ബ്

## സഹായനിധി രൂപീകരിച്ച് എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ കോട്ടയം ജില്ലാ ഘടകം

കോട്ടയം ജില്ലാ കേന്ദ്രം സമാഹരിക്കുന്ന പ്രവർത്തന ഫണ്ടിന്റെ പന്ത്രണ്ടിൽ ഒന്ന് ഭാഗം എല്ലാ വർഷവും സ്ഥിര നിക്ഷേപം നടത്തി ''എസ്.ബി.ഐ.പെൻഷനേഴ്സ് അസ്സോസിയേഷൻകോട്ടയം മെംബേഴ്സ് ബെനവലന്റ് ഫണ്ട്'' എന്ന പേരിൽ ഒരു സഹായനിധി ജില്ലാ ഘടകം അംഗങ്ങൾക്ക് വേണ്ടി രൂപീകരിച്ചു. കോട്ടയം ജില്ലാ കേന്ദ്രത്തിലെ അംഗങ്ങളുടെ മരണം സംഭവിച്ചാൽ ഈ സഹായനിധിയിൽ നിന്നും 5000 രൂപ കടുംബത്തിന് എത്തിച്ചു നല്കും. ഫണ്ട് വളരുന്നതിനനുസരിച്ച് മറ്റ് ക്ഷേമ പ്രവർത്തനങ്ങളും ലക്ഷ്യമിട്ടിട്ടുണ്ട്. കൊവിഡ് -19 ന്റെ പ്രത്യേക സാഹചര്യത്തിൽ വീട് സന്ദർശനത്തിലും യോഗങ്ങളിലും മിതത്വം പുലർത്തുന്നതിനാൽ ഫണ്ടിന്റെ ഔദ്യോഗിക ഉദ്ഘാടനം ആദ്യ സഹായധനം അന്തരിച്ച ശ്രീ.സി.എസ്. ടോമിയുടെ ഭവനത്തിലെത്തി വളരെ ലളിതമായി നടത്തുകയായിരുന്നു. കോട്ടയം ജില്ലാ ഡെ. ജനറൽ സെക്രട്ടറി ശ്രീ.മാത്യു അടയ്ക്കാമുണ്ടക്കൻ, ജില്ലാ സെക്രട്ടറി ശ്രീ.പി.എം.ജേക്കബ്ബ്, ജില്ലാ പ്രസിഡന്റ് എം.ജി.രാഘവൻ എന്നിവർ ചേർന്നാണ് തുക കൈമാറിയത്.



ഈ വർഷം ഫെബ്രുവരി 20-ാം തിയതി അന്തരിച്ച ശ്രീ.സി.എസ്.ടോമി, ചുങ്കപ്പുരക്കലിന്റെ ഭവനത്തിലെത്തി സഹായം കൈമാറുന്ന ജില്ലാ ഭാരവാഹികളാണ് ചിത്രത്തിൽ. തുക ഏറ്റുവങ്ങുന്നത് ടോമിയുടെ സഹധർമ്മിണി ശ്രീമതി.എൽസി ടോമി.

## വൈക്കം ഏരിയ കമ്മിറ്റിയുടെ കൊറോണാക്കാല സേവനം

കൊറോണാ പ്രധിരോധത്തിന് പാലിക്കേണ്ട കർശന ഉപാധികളെ സംബന്ധിച്ച് ബോധവല്ക്കരണങ്ങൾ ഏറെ നടക്കുന്നുണ്ടെങ്കിലും അതിന് അവശ്യം വേണ്ട സാനിറ്റൈസറും മാസ്കും ആവശ്യത്തിന് ലഭ്യമാകുന്നില്ലെന്ന് കെ.എസ്.ആർ.റ്റി.സിയുടെ ജീവനക്കാർ. റേഡിയോ മുഖേനയും മാദ്ധ്യമങ്ങളിലും ജീവനക്കാരുടെ പരിദേവനം ശ്രദ്ധയിൽപ്പെട്ട വൈക്കം ഏരിയാക്കമ്മറ്റി ജോ. കൺവീനർ ശ്രീ. ഡി.കെ. രാജഗോപാൽ മുൻ കൈയ്യെടുത്ത് സാനിറ്റൈസറും മാസ്കും സമാഹരിച്ച് വൈക്കം ഡെപ്പോയിലെത്തിച്ചു നല്കുകയായിരുന്നു. ഇതിൽ കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രി.എം.ജി. രാഘവനും ഭാഗഭാക്കായി. കെ എസ് ആർ ടി സി ജീവനക്കാർക്ക് വേണ്ടി ഉള്ള മാസ്ക്കും സാനിറ്റൈസറും വിതരണം എ ടി ഒ , പി.എ അഭിലാഷിന് നൽകിക്കൊണ്ട് കോട്ടയം ജില്ലാ പ്രസിഡൻറ് ശ്രീ എം ജി.രാഘവൻ നിർവഹിക്കുകയുണ്ടായി. തദവസരത്തിൽ പെൻഷനേഴ്സ് അസോസിയേഷൻ വൈക്കം ജോയിൻറ് കൺവീനർ ഡി. കെ രാജഗോപാൽ, കമ്മിറ്റി അംഗങ്ങളായ ജോസഫ് മായംപറമ്പൻ, വി.ജോൺ, കൺട്രോളിങ് ഇൻസ്പെക്ടർ ബെന്നി

ജോസ്, ശ്രീമതി. ബിന്ദു രാജീവ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.



എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ വൈക്കം ഏരിയാ കമ്മറ്റി യുടെ നേതൃത്വത്തിൽ സമാഹരിച്ച സാനിറ്റൈസറും മാസ്കും കെ.എസ്.ആർ.റ്റി.സിയുടെ വൈക്കം ഡെപ്പൊ വിലെത്തി ജില്ലാ പ്രസിഡൻറ് ശ്രീ. എം. ജി. രാഘവൻ വൈക്കം എ. ടി. ഒ, ശ്രീ. പി. എ . അഭിലാഷിന് കൈമാറിയപ്പോൾ. ഏരിയാക്കമ്മറ്റി ജോ. കൺവീനർ ശ്രീ. ഡി. കെ. രാജഗോപാൽ, കമ്മിറ്റിക്കാരായ ജോസഫ്മായംപറമ്പൻ, വി.ജോൺ, എന്നിവയേും കാണാം.



മാസ്ക് നൽകി

തലയോലപ്പറമ്പ് ▸ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷൻ വൈക്കം ഏരിയാ കമ്മിറ്റി വൈക്കം കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് മാസ്കും സാനിറ്റൈസറും വിതരണം ചെയ്തു. എ.ടി.ഒ. പി.എ.അഭിലാഷിന് നൽകി ജില്ലാ പ്രസിഡൻറ് എം.ജി.രാഘവൻ നിർവഹിച്ചു. പെൻഷനേഴ്സ് അസോസിയേഷൻ ജോയിൻറ് കൺവീനർ ഡി.കെ.രാജഗോപാൽ, ജോസഫ് മായംപറമ്പൻ, ജോസഫ് മാത്യു, കൺട്രോളിങ് ഇൻസ്പെക്ടർ ബെന്നി ജോസ്, ബിന്ദു രാജീവ് തുടങ്ങിയവർ നേതൃത്വം നൽകി.

ഇത് സംബന്ധിച്ച് മാതൃഭൂമി ദിനപ്പത്രത്തിൽ വന്ന വാർത്ത.

## എറണാകുളം ജില്ലാ എക്സിക്യൂട്ടിവ് കമ്മറ്റിയുടെ ഓൺലൈൻ യോഗം

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷന്റെ എറണാകുളം ജില്ലാ എക്സിക്യൂട്ടിവ് കമ്മറ്റിയുടെ ഓൺലൈൻ യോഗം ജിയോമീറ്റ് ആപ്പ് വഴി ജൂലൈ 18-ാം തിയതി വിജയകരമായി നടത്തിയ വിവരം ഡെ. ജനറൽ സെക്രട്ടറി ശ്രീ. ജോസഫ് പാലക്കൻ അറിയിച്ചു. 20 അംഗങ്ങൾ പങ്കെടുത്തു. രാവിലെ 11.30ന് ആരഭിച്ച മീറ്റിംഗ് ഉച്ച കഴിഞ്ഞ് 1.40നാണ് അവസാനിച്ചത്. ഒന്നോ രണ്ടോ അംഗങ്ങൾക്ക് കണക്റ്റിവിറ്റി പ്രശ്നങ്ങളുണ്ടായതൊഴിച്ചാൽ ഓൺലൈൻ യോഗം സുഗമമായി നടന്നു.

## ആലപ്പുഴ ജില്ലാ ഘടകത്തിന്റെ കാര്യ നിർവഹണ സമിതിയുടെ ഓൺലൈൻ യോഗം




ഓൺലൈൻ യോഗത്തിന്റെ ദൃശ്യം

ആലപ്പുഴ ജില്ലാ ഘടകത്തിന്റെ കാര്യനിർവഹണ സമിതിയുടെ ഓൺലൈൻ യോഗം ശ്രി.പി. വി.ജി.മേനോന്റെ അദ്ധ്യക്ഷതയിൽ ജൂലൈ 25-ാം തിയതി നടന്നു. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രി.ബി,സി,ഉണ്ണികൃഷ്ണൻ നായർ, ഡെ. ജനറൽ സെക്രട്ടറി ശ്രീ.മാത്യു അടയ്ക്കാമുണ്ടക്കൻ എന്നിവർ പങ്കെടുത്തു. മാർച്ച് 31 വരെയുള്ള റിപ്പോർട്ടും കണക്കും ഉൾപ്പടെ വിവിധ കാര്യങ്ങൾ ചർച്ച ചെയ്ത് അംഗീകരിച്ചു. മീറ്റിംഗ് 11.30 ന് അവസാനിച്ചു.

## സംസ്ഥാന എക്സിക്യൂട്ടിവ് കമ്മറ്റിയുടെ ഓൺലൈൻ യോഗത്തിനുള്ള മുന്നൊരുക്കം




സംസ്ഥാന എക്സിക്യൂട്ടിവ് കമ്മറ്റിയുടെ ഓൺലൈൻ യോഗം ജിയോമീറ്റ് പ്ലാറ്റ്ഫോമിൽ നടത്തുന്നതിനുള്ള ട്രയൽ നടത്തിയപ്പോൾ

## കെട്ടിട നികുതിയിൽ കമ്പ്യൂട്ടറൈസേഷൻ

കേരള സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തു കളിലും കെട്ടിട നികുതിയിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി കഴിഞ്ഞു. എല്ലാവർക്കും http://tax.lsgkerala.gov.in/ എന്ന സൈറ്റിലെ **citezen login** ൽ പ്രവേശിച്ച് വാർഡ് നമ്പറും കെട്ടിട നമ്പറും **enter** ചെയ്താൽ കെട്ടിട ഉടമസ്ഥന്റെ പേര് മേൽവിലാസം, നികുതി തുക,കുടിശ്ശിക വിവരങ്ങൾ എന്നിവ അറിയാനും, **e-payment** സംവിധാനം വഴി നികുതി അടയ്ക്കാനും സംവിധാനമുണ്ട്. കൂടാതെ തന്നാണ്ട് നികുതി അടച്ചിട്ടുള്ളവർക്ക് വിവിധ ആവശ്യങ്ങൾക്കുള്ള ഉടമസ്ഥാവകാശ സർട്ടിഫി ക്കേറ്റുകൾ **download** ചെയ്യാനും സാധിക്കും. അപേക്ഷയോ സ്റ്റാമ്പോ ഫീസോ ഇല്ലാതെ 24 മണിക്കൂറും ഈ സേവനം ലഭിക്കുകയും ചെയ്യും, ഇത് ഒരു മൊബൈൽ ഫോൺ ഉപയോഗിച്ചും സാധ്യമാണ്'. പേരിലോ, മേൽവിലാസത്തിലോ നികുതിയിലോ പരാതിയുള്ളവർ ഈ ആഴ്ച്ചതന്നെ പഞ്ചായത്തിൽ നേരിട്ട് പരാതി നൽകി പരിഹ രിക്കേണ്ടതാണ്. കാരണം ഇത് ഉടൻ തന്നെ ലോക്ക് ചെയ്യുന്നതാണ്. കെട്ടിട നികുതി കുടിശ്ശിക ഉള്ളവർക്കുള്ള പ്രതി മാസം 1 % പിഴപ്പലിശ ഇപ്പോൾ സർക്കാർ ഒഴിവാക്കിയിരിക്കുകയാണ്.

കടപ്പാട്

## സ്റ്റേറ്റ് ബാങ്ക് പെൻഷണേഴ്സ് അസ്സോസിയേഷൻ സേവന മാസം ആചരിക്കുന്നു



ശ്രീ.പുന്നൂസ്.എസ്.

കഴിഞ്ഞ വർഷത്തെ പോലെ ഈ വർഷവും സ്റ്റേറ്റ് ബാങ്ക് പെൻഷൻകാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരമായി മുതിർന്ന പൗരന് മാരെ ഡിജിറ്റൽ സേവനങ്ങളിൽ സഹായിക്കുന്ന തിനായി സേവന മാസം ആചരിക്കുവാൻ തീരുമാനിച്ചു. ഇപ്പോഴത്തേ പ്രത്യേക സാഹചര്യത്തിൽ ഓൺ ലൈനിൽ മാത്രമേ സാധിക്കുകയുള്ളു. ശ്രീ.പുന്നൂസ്.എസ്. ആണ് ഇങ്കം റ്റാക്സ് വിഭാഗം ഹെൽപ് ഡെസ്ക് കൈകാര്യം ചെയ്യുന്നത്. ഐ.റ്റി. റിട്ടേൺ സമർപ്പിക്കുക, ട്രേസസിസിൽ നിന്ന് ഫോം 16 എടുക്കുക, 26എ.എസ്.ലെ വിവരങ്ങൾ പരിശോധിക്കുക മുതലായ സേവനങ്ങൾക്ക് ശ്രീ. പുന്നൂസ്. എസിന്റെ വാട്ട്സാപ്പ് നം. 9447364228 ഇൽ ബന്ധപ്പെടുക.

ശ്രീ പുന്നൂസിന്റെ വിലയേറിയ സമയം നമ്മുടെ പ്രവർത്തകരെ സഹായിക്കാൻ മാറ്റിവെ ച്ചിരിയ്ക്കുകയാണ്. . അദ്ദേഹത്തിsâ നല്ല മനസ്സി ന് നന്ദി. ഈ സേവനം അംഗങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കും.

പെൻഷൻ വിതരണം സംബന്ധിച്ചുള്ള കാര്യങ്ങൾ ക്കായി എച്.ആർ.എം.എസ് സൈറ്റിൽ ലോഗിൻ ചെയ്യുന്നത്തിനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കു ന്നതിനും, ഇ-എസ്.ബി.റ്റി. പെൻഷൻകാരുടെ എച്ച്.ആർ.എം.എസ്. നമ്പർ കണ്ടുപിടിക്കുന്നതിനും ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ്ആപ്പ് **9446322416** നമ്പറിൽ ബന്ധപ്പെടുക.

## വിശ്രമ ജീവിതത്തിലേയ്ക്കുള്ള വഴി



സിബി ചാണ്ടി
മുൻ ഡിജിഎം, എസ് ബി ഐ

കഴിഞ്ഞ മൂന്നു മാസങ്ങളിലായി നമ്മുടെ ബാങ്കിൽ നിന്നും ധാരാളം അംഗങ്ങൾ വിരമിക്കുന്നതായി അറിയാൻ കഴിഞ്ഞു. ഒരുപക്ഷേ അറുപതു തിക യുന്നവരുടെ എണ്ണം ഏറ്റവും കൂടുതൽ മെയ് മാസ ത്തിലാണെന്നു തോന്നുന്നു. റിട്ടയർ ചെയ്യുന്ന പ്രിയ സഹപ്രവർത്തകരുമായി ചില ചിന്തകൾ പങ്കുവ യ്ക്കട്ടെ.

### റിട്ടയർമെന്റ് എന്തിനു വേണ്ടി?

യൗവനത്തിൽ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന ഒരു വ്യക്തി മുപ്പതു മുതൽ നാൽപതു വർഷം വരെ ബാങ്കിൽ കഠിനാദ്ധ്വാനം ചെയ്യുന്നു എന്നത്

നിസ്തർക്കമായ ഒരു വസ്തുതയാണല്ലോ. ഇക്കാലമത്രയും വിശ്രമമെന്തെന്നറിയാത്ത ശരീരത്തിനും മനസ്സിനും വിശ്രമിക്കാൻ നേരമായി എന്നുള്ള സ്റ്റാറ്റ്യൂട്ടറി നിഗമനമാണ്, ഒരു നിശ്ചിത വിരമിക്കൽ പ്രായം എന്ന ആശയത്തിൻ പിന്നിലുള്ളതെന്നാണ് എന്റെ വിശ്വാസം. അതു കൊണ്ടു തന്നെ ശേഷിക്കുന്ന ജീവിതകാലം മാനസികവും ശാരീരികവുമായ ഉല്ലാസത്തിനായി മാറ്റി വയ്ക്കുന്നതാണ് ഉത്തമം എന്നു തോന്നുന്നു. പകൽ പകുതി കടന്ന ഭാസ്ക്കരൻ പടിഞ്ഞാറെ ചക്രവാളം തേടുന്നതു പോലെ. ഔദ്യോഗിക ജീവിതകാലത്തു് ഒഴിവു ദിനങ്ങളടക്കം സ്വന്തം ഇഷ്ടാനിഷ്ടങ്ങൾക്കായി ഉപയോഗിക്കാൻ കഴിയാതെ പോയ നമുക്ക്, സ്വാഭീഷ്ടമനുസ്സരിച്ച് ചെലവഴിക്കാനുള്ള സമയം ആണ് ഇനിയുള്ളവ എന്ന് മനസ്സിലാക്കുമ്പോൾ രണ്ടാം ഇന്നിംഗ്സിലെ കളി ഊർജ്ജദായകമാവും, തീർച്ച. ഞാൻ ഒന്നാം ഇന്നിംഗ്സ് നേരത്തെ ഡിക്ലയർ ചെയ്ത് രണ്ടാം ഇന്നിംഗ്സ് കളിച്ചുതുടങ്ങിയത് ഈ ആനുകൂല്യം സ്വപ്നം കണ്ടിട്ടായിരുന്നു താനും.

## ഈ സമയം എങ്ങനെയൊക്കെ വിനിയോഗിക്കാം.

ആദ്യം ചെയ്യേണ്ടത് ഇതുവരെ തുടർന്ന ജീവിതചര്യയ്ക്ക് ചെറിയ പരിഷ്ക്കാരങ്ങൾ വരുത്തുകയാണ്. അതിരാവിലെ ഉണരുന്ന ശീലം തുടരുക തന്നെ വേണം. ലാലേട്ടന്റെ സിദ്ധാന്തം പോലെ ജോലിയുള്ള കാലം മാത്രം അവധി ആസ്വാദനവും മതിയാവും. ഇനി നമുക്കു മുൻപിലുള്ളത് അവധി വേണ്ടാത്ത കാലമാണ്. അതിനാൽ തന്നെ മടി പിടിക്കേണ്ട കാര്യവും ഇല്ല. സമ്പത്ത് സ്വരൂപിക്കാനുള്ള അല്ലലു പോലെ മാനസികാരോഗ്യത്തിനു വിഘാതമായ പ്രവർത്തനങ്ങളിൽ നിന്നും വിട്ടു നില്ക്കാനായാൽ വളരെ നല്ലത്. പകരം സർവ്വധനാൽ പ്രദാനങ്ങളായ അറിവു വർദ്ധിപ്പിക്കലും ആരോഗ്യം നിലനിർത്തലും ആവട്ടെ ഉദ്ദേശലക്ഷ്യങ്ങൾ. വായന തല്പര്യമുള്ളവർക്ക് ഒരു kindle വാങ്ങാം. ധാരാളം പുസ്തകങ്ങൾ കുറഞ്ഞ ചെലവിൽ download ചെയ്ത് വായിക്കാൻ സാധിക്കും. ആയാസരഹിതമായ വായനയും സാദ്ധ്യമാണ്. അല്ലെങ്കിൽ നാട്ടിലെ ലൈബ്രറിയുമായി സഹകരിച്ച് പ്രവർത്തിച്ച് വായനയോടൊപ്പം നാടിന്റെ വികസനത്തിൽ നിസ്വാർത്ഥ പങ്കാളിയാവാം. ചെറിയ തോതിലെങ്കിലും കൃഷി ചെയ്യാനുതകുന്ന തൊടി സ്വന്തമായുണ്ടെങ്കിൽ അടുക്കളത്തോട്ടം ആവാം. വ്യായാമവും വിഷ രഹിത ഭക്ഷണവും ഒരുമിച്ച് ലഭ്യമാകും. കൂടാതെ നാട്ടിലെ കർഷക സുഹൃത്തുക്കളുമായി ഇടപഴകാനും കൃഷികളിൽ നൂതന പരീക്ഷണങ്ങൾ നടത്താനും ( തലച്ചോറിനു വ്യായാമം) നല്ല അവസരവുമുണ്ടാകുന്നു. അങ്ങനെ തികച്ചും യാന്ത്രികമല്ലാത്ത ഒരു പകൽ ജീവിതക്രമം ഉരുത്തിരിയാൻ ഇടയാക്കാം.

## സാമൂഹ്യ ജീവിതം

തൽക്കാലം കോവിഡ് 19 നമ്മുടെ സാമൂഹ്യ ജീവിതത്തെ 'അകറ്റി' നിർത്തിയിരിക്കയാണെന്നത് വിസ്മരിക്കുന്നില്ല. ഏതാനും നാളുകൾക്കു ശേഷം നാം പഴയ സാമൂഹ്യ പശ്ചത്തലം തിരികെപ്പിടിക്കും എന്നു പ്രത്യാശിക്കാം. എന്റെ വ്യക്തിപരമായ അനുഭവത്തിൽ, ജോലിയിലായിരുന്ന ഭൂരിഭാഗം കാലയളവിലും എനിക്ക് കുടുംബത്തിലും സമൂഹത്തിലും നടന്നിരുന്ന ഒട്ടുമിക്ക മംഗളകർമ്മങ്ങളിലും പങ്കെടുക്കാൻ ഭാഗ്യമുണ്ടായിട്ടില്ല എന്നതു് ഇന്നും നഷ്ടബോധമായി കൊണ്ടു നടക്കുന്നുണ്ട്. അതിന്റെ പേരിൽ ധാരാളം പഴികളും കേൾക്കാനിടയായിട്ടുണ്ട്. എന്നാൽ കഴിഞ്ഞ മൂന്നു വർഷക്കാലം ഒരു തികഞ്ഞ സാമൂഹ്യ ജീവിയായി പരിണമക്കിനായി എന്നത് വലിയ സന്തോഷം തരുന്നു. സമൂഹനന്മയ്ക്കായി ലാഭേച്ഛ കൂടാതെ ചെറിയ ചെറിയ കാര്യങ്ങൾ ചെയ്യാൻ ധാരാളം അവസരങ്ങൾ നമ്മെ തേടി വരുമെന്നതാണ് യാഥാർത്ഥ്യം. ഇതോടൊപ്പം തന്നെ പഴയ ബന്ധങ്ങൾ തുടരാനായി മാസത്തിലൊരിക്കൽ വളരെ അടുത്ത സുഹൃത്തുക്കളുമായി ഒരു ഒത്തുചേരൽ (കോഫീ ഹൗസ് മീറ്റിംഗ്) മനോഹരമായിരിക്കും.

## പുതു യൗവ്വനം

മുൻ പറഞ്ഞ കാര്യങ്ങളിലേയ്ക്കുള്ളത്വരിതമാറ്റം (paradigm shift) മാത്രമായി ജോലിയിൽ നിന്നുള്ള വിരമിക്കലിനെ കാണാനായാൽ നാം പുതു യവ്വനത്തിലേയ്ക്കാണ് പ്രവേശിക്കുന്നതെന്ന തിരിച്ചറിവിലേയ്ക്കു വളരാം. നമ്മെക്കാൾ ചെറു പ്രായക്കാരുമായി ചങ്ങാത്തം സ്ഥാപിക്കാനും ആശയസംവാദത്തിലേർപ്പെടാനും സൗഹൃദം നിലനിർത്താനുമായാൽ (സോ ഷ്യൽ മീഡിയയിലൂടെയും മറ്റും) ഈ പുതുയവ്വനം നിലനിർത്താനുമാവും. അദ്ധ്യാപനത്തോടു താൽപര്യമുള്ളവർക്ക് തങ്ങൾക്കിഷ്ടമുള്ള വിഷയങ്ങളിൽ ഓൺലൈൻ ക്ലാസുകൾ യുട്യൂബ് വീഡിയോകളായോ ബ്ലോഗ്കളായോ പ്രസിദ്ധീകരിക്കാനായാൽ അത് ഇരട്ടി മധുരം പ്രദാനം ചെയ്യും.

എല്ലാവർക്കും രണ്ടാമിന്നിംഗ്സിൽ ആരോഗ്യത്തിന്റെ അഭിമാനത്തിന്റെ, സൗഹൃദങ്ങളുടെ സർവ്വോപരി സന്തോഷത്തിന്റെ ബൗണ്ടറികളും സിക്സറുകളും സ്കോർ ചെയ്യാൻ സാധിക്കട്ടെ എന്നാശംസിക്കുന്നു.

## SBI റിട്ടയറിസിന് ലഭ്യമാകുന്ന മെഡിക്കൽ ബെനിഫിറ്റ് സ്കീമുകളെപ്പറ്റി ഒരു പരമ്പര ഈ ലക്കത്തോടുകൂടി തുടങ്ങുകയാണ് .

അടുത്തകാലത്ത് നമ്മുടെ ഡെ.ജനറൽ സെക്രട്ടറി ശ്രീ.മാത്യു അടയ്ക്കമുണ്ടയ്ക്കൽ പുതിയതായി വിരമിക്കുന്നവർക്ക് വേണ്ടി തയ്യാറാക്കിയ വാട്ട്സാപ്പ് ഗ്രൂപ്പിൽ നിന്നും സമാഹരിച്ചതാണ് ഇത്.

# എസ് ബി ഐ റിട്ടയറിസും മെഡിക്കൽ ബെനിഫിറ്റ് സ്കീമുകളും

ഒരു ബാങ്ക് റിട്ടയറിയെ സംബന്ധിച്ചടത്തോളും പ്രധാനപ്പെട്ട രണ്ട് വിഷയങ്ങളാണ് :-

ഒന്ന് :- കൃത്യമായി എല്ലാ മാസവും പെൻഷൻ കിട്ടുക

രണ്ട് :- ഭാരിച്ച ചികിത്സ ചെലവുകൾ താങ്ങാൻ സംവിധാനം



ഡെ.ജനറൽ സെക്രട്ടറി ശ്രീ.മാത്യു അടയ്ക്കാമുണ്ടക്കൻ

ഇതിൽ പെൻഷൻ കാര്യത്തിൽ നമുക്ക് ഒന്നും ചെയ്യാനില്ല. എന്നാൽ മെഡിക്കൽ ബെനിഫിറ്റ് സ്കീമുകളെപ്പറ്റി മനസിലാക്കിയിരിയ്ക്കേണ്ടത് ഇന്ന് ആവശ്യമാണ്. പലരും അടിയന്തിര ചികിത്സ തേടി ആശുപത്രികളിൽ എത്തിയശേഷമാണ് മെഡിക്കൽ ബെനിഫിറ്റ് സ്കീമുകളെപ്പറ്റി അന്വഷിക്കുന്നത്. പിന്നെ ഒരു നെട്ടോട്ടമാണ് . അതുകൊണ്ട് SBI യിൽ നിലവിലുള്ള മെഡിക്കൽ ബെനിഫിറ്റ് സ്കീമുകളെപ്പറ്റി ചില അത്യാവശ്യ വിവരങ്ങളാണ് പങ്ക് വെയ്ക്കുന്നത്.

ചികിത്സ ചെലവുകൾ വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഒരു മെഡിക്കൽ ഇൻഷുറൻസ് എടുത്തിരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഇതുവരെ രോഗമൊന്നും വന്നില്ലയെന്നത് ജീവിത സായാഹ്നത്തിൽ ആശ്വസിക്കാനുള്ള വകയാകുന്നില്ല. ചികിത്സ ചെലവുകൾക്ക് പണം കണ്ടെത്താൻ പ്രയാസപ്പെടും.

## റിട്ടയേർഡ് എംപ്ലോയീസ് മെഡിക്കൽ ബെനിഫിറ്റ് സ്കീം

വിരമിക്കുന്നവർ REMBS ഇൽ ചേരാൻ മടി കാണിക്കാറുണ്ട്. ചിലർ ചേരാതിരുന്നിട്ടുണ്ട് താനും. കാരണം പറയുന്നത് അതിന് മുടക്കേണ്ട തുക ഏറ്റവും കുറഞ്ഞത് 1,63,000 രൂപ. ഈ തുക ബാങ്കിൽ സ്ഥിര നിക്ഷേപം ചെയ്തു അതിന്റെ പലിശ കൊണ്ട് വാർഷിക പ്രീമിയം അടയ്ക്കുന്നതാണ് ലാഭകരം എന്നും അഭിപ്രായപ്പെടുന്നവരുണ്ട്. പലിശ നിരക്ക് കിഴ്പ്പോട്ട് കൂപ്പുകുത്തി കൊണ്ടിരിക്കുമ്പോൾ ഇന്നത്തെ നിലയ്ക്ക് കിട്ടുന്ന പലിശ പോലും പ്രീമിയം അടയ്ക്കാൻ തികയുകയില്ല. 60 വയസ്സിന് മേൽ പ്രീമിയം ഉദ്ദേശം 30000 മുപ്പതിനായിരത്തിന് മേൽ വരും. ലാഭ നഷ്ട്ട കണക്ക് നോക്കി മെഡിക്കൽ ബെനിഫിറ്റ് സ്കീമുകളിൽ ചേരുന്നത് അഭികാമ്യമല്ല. നമ്മുടെ ജീവിതം സുരക്ഷിതമാക്കുക എന്നുള്ളതാണ് പരമ പ്രധാനം. അതിന് പണം മുടക്കുന്നത് അധികപ്പറ്റല്ല. ആരെയും ആശ്രയിക്കാതെ, ആർക്കും ഭാരമാവാതെ സ്വന്തം കാലിൽ നില്ക്കാൻ കഴിയുക എന്നത് നിസ്സാര കാര്യമല്ല. അതിനാൽ റിട്ടയേർഡ് എംപ്ലോയീസ് മെഡിക്കൽ ബെനിഫിറ്റ് സ്കീമിൽ ഒറ്റത്തവണ തുകയടച്ച് ചേരാൻ കഴിയുമെങ്കിൽ തീർച്ചയായും അത് ചെയ്യണം.

## മെഡിക്കൽ ഇൻഷുറൻസ്

ചോദ്യം: പല ഇൻഷുറൻസ് കമ്പനികൾക്കും ആകർഷകമായ മെഡിക്കൽ ഇൻഷുറൻസ് സ്കീമുകൾ ഉണ്ട്. ഉദാ. സ്റ്റാർ ഇൻഷുറൻസ് കമ്പനി. കുടുംബത്തെ മുഴുവൻ ഇൻഷ്യൂർ ചെയ്യുന്നുമുണ്ട്. പിന്നെ എന്തിന് ബാങ്കിന്റെ സ്കീമിൽ ചേരണം ?

മറുപടി ;-

ശരിയാണ്. പക്ഷേ ചില വ്യത്യാസങ്ങൾ ഉണ്ട് .

1) നിലവിലുള്ള അസുഖങ്ങൾക്ക് പരിരക്ഷ കിട്ടുകയില്ല.

2) മുതിർന്ന പൌരന്മാർക്കുള്ള സ്കീമുകൾ വളരെ വിരളമാണ് .

3) പല മെഡിക്കൽ ഇൻഷുറൻസ് കമ്പനികൾക്കും മെഡിക്കൽ ചെക്കപ്പ് നിർബന്ധം

4) 65 വയസ്സ് വരെ മാത്രം പരിരക്ഷ.

5) പ്രീമിയം തുക കൂടുതൽ

ചോദ്യം: എന്നാൽ ബാങ്കിന്റെ സ്കീമിന്റെ പ്രത്യേകതകൾ എന്തെല്ലാം ?

മറുപടി :- 1) വയസ്സ് ബാധകമല്ല , ജീവിത അന്ത്യം വരെ പെൻഷണർക്കും ജീവിത പങ്കാളിക്കും പരിരക്ഷ.

2) മെഡിക്കൽ ചെക്കപ്പ് വേണ്ടേ വേണ്ട

3) നിലവിലുള്ള അസുഖങ്ങൾക്ക് പരിരക്ഷ.

4) പ്രീമിയം കുറവ് ഉദാ 9 ലക്ഷം രൂപ യുടെ പോളിസിക്ക് നമ്മൾ അടയ്ക്കുന്നത് 19520 രൂപ.

- അതായത് SBI ഹെൽത്ത് അസിസ്റ്റിൽ 3 ലക്ഷം ബേസിക് കവർ ഉള്ള പോളിസി എടുക്കുന്നതെങ്കിൽ ബാങ്ക് തരുന്ന 6

ലക്ഷത്തിന്റെ ടോപ്പ് അപ്പ് കുട്ടിയാണ് 9 ലക്ഷം.

- ടോപ്പ് അപ്പ്ന് ബാങ്കാണ് പ്രീമിയം അടയ്ക്കുന്നത് .
- അതെ പോളിസി യ്ക്ക് മറ്റ് കമ്പനികളിൽ 40000 രൂപ യോളും വന്നേക്കാം.

5) SBI ഇൻഷുറൻസ് കമ്പനികളുമായി ധാരണയിലെത്തിയ പോളിസിയാണ്. മൂന്ന് കൊല്ല ത്തേയ്ക്ക് ഒരേ പ്രീമിയം, ഒരേ ഇൻഷുറൻസ് കമ്പനി, ഒരേ ബ്രോക്കർ, ഒരേ കൈകാര്യം ചെയ്യുന്നവർ (TPA)

6) നമ്മളെ സഹായിക്കാൻ എല്ലാ AO ഓഫീസിലും TPA യുടെ പ്രതിനിധി

7) നമ്മുടെ പരാതികൾ കൈകാര്യം ചെയ്യാൻ ബാങ്കിന്റെ സംവിധാനം , ബില്ലുകൾ പെൻഷൻ പേയിങ് ബ്രാഞ്ച് വഴി എല്ലാ AO യിലെ ചീഫ് മാനേജർ (HR )ക്കും അയയ്ക്കുന്നതു കൊണ്ട് ട്രാക്ക് ചെയ്യാൻ എളുപ്പം.

8) മക്കളെ ആശ്രയിക്കാതെ സ്വന്തം കാലിൽ നില്ക്കാൻ പ്രാപ്തി .

(.........തുടരും)

## വൈറസ്സുകൾ ഇനിയും വരാം : പ്രകൃതി കുറിച്ച മരുന്നുകൾ വീണ്ടെടുക്കൂ.



പി.പി.ഫിലിപ്പ്

പ്രപഞ്ച സൃഷ്ടാവ് അന്യൂനമായിട്ടായിരിക്കണം സൃഷ്ടി കർമ്മം നടത്തിയിട്ടുള്ളത്. ജീവികളോടൊപ്പം രോഗങ്ങളും സൃഷ്ടിച്ച അവിടുന്ന് രോഗമുക്തിക്കുള്ള സമ്പൂർണ മാർഗങ്ങളും വിഭവങ്ങളും പ്രപഞ്ചത്തിനു പ്രദാനം ചെയ്തിട്ടുണ്ടാവും. ഈ പ്രപഞ്ചത്തിലെ ജീവജാലങ്ങളിലും പച്ചില പഴവർഗക്കൂട്ടങ്ങളിലും എന്തു മാത്രം മരുന്നിനങ്ങളാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്!

മനുഷ്യർ അനുഭവം കൊണ്ട് അവയെ കാലാകാലങ്ങളിൽ തിരിച്ചറിയുകയും രോഗഘട്ടങ്ങളിൽ അവയെ പ്രയോജനപ്പെടുത്തി, ചികിത്സിക്കുകയും ചെയ്തിരിക്കുന്നു !

ആധുനിക വൈദ്യശാസ്ത്ര മേഖലകൾ വളർച്ച പ്രാപിച്ചിട്ട് ഒരു 100 വർഷങ്ങളിലധികമാവുകയില്ല. ഇക്കാലമെല്ലാം പ്രപഞ്ചത്തിലെ നൈസർഗിക മരുന്നു സ്രോതസുകളാണ് മനുഷ്യർ ഉപയോഗിച്ചിരുന്നതു്. ഇന്നത്തെ മുതിർന്നവരുടെ ഓർമ്മക്കാലത്തു എത്രയോ മരുന്നിനങ്ങൾ നാട്ടിലുണ്ടായിരുന്നു. ! അവയിലേറെയും ഇന്നു ഭൂമുഖത്തു നിന്നും അപ്രത്യക്ഷമായി കൊണ്ടിരിക്കുകയല്ലേ ?

'മലബാറിലെ ' വിലയേറിയ വിഭവങ്ങളേ കുറിച്ച് ജോൺ മിൽട്ടൺ 'പാരഡൈസ് ലോസ്റ്റിൽ സൂചിപ്പിച്ചിരിക്കുന്നതു പ്രായമായവർ ഓർക്കുന്നുണ്ടാവും .

കുരുമുളക് : ഇഞ്ചി, മഞ്ഞൾ, കച്ചോലം തുടങ്ങിയ എത്രയോ പല വ്യഞ്ജനങ്ങൾ നമ്മൾ ഹൃദയത്തിൽ ചേർത്ത് ഈ നാട്ടിൽ കൃഷി ചെയ്തിരുന്നു! അവയ്ക്കൊപ്പം നിൽക്കുന്ന എന്തു മരുന്നുണ്ടിപ്പോഴും?

മരുന്നുകളുടെ രാജൻ കുറുന്തോട്ടി അടുത്ത കാലം വരെ ആരും കൃഷി ചെയ്യാതെ നാട്ടിൽ സുലഭമായിരുന്നു. ജീവനു തുല്യം മനുഷ്യർ സ്നേഹിച്ചാദരിക്കുന്ന തുളസിയിനങ്ങൾ ഇന്നും നമ്മുടെ വീട്ടുമുറ്റത്തില്ലേ ? ചതാവേലി, കിഴാനെല്ലി, മുക്കുറ്റി, തഴുതാമ, മുയൽ ചെവിയൻ , എരിക്ക്, ചിറ്റമൃത്, കൊട്ടം, കുറിഞ്ഞി, ചുണ്ട, മുരിങ്ങ, എള്ള്, ഏലം, നിലപ്പന, ഉഴിഞ്ഞ.... ദൈവമേ .... എത്രയോ അങ്ങാടിമരുന്നിനങ്ങൾ ഈ നാട്ടിൽ സുലഭമായിരുന്നു ! കൊച്ചു കുഞ്ഞുങ്ങൾ പോലും അവയെ തിരിച്ചറിഞ്ഞിരുന്നില്ലേ ?

പഴങ്ങളുടേയും വള്ളികളുടേയും ഇലകളുടേയും തണ്ടുകളുടേയും മരുന്നു ഗുണങ്ങൾ ആർക്കും സുപരിചിതമല്ലായിരുന്നോ ?

കോവിഡു 19 നെ അകറ്റണമെങ്കിൽ , ആധുനിക ജീവിത ശൈലീ രോഗങ്ങളെ ദുർബലപ്പെടുത്തണമെങ്കിൽ, സുശക്ത ഹൃദയങ്ങൾ ഉണ്ടാകണമെങ്കിൽ മേൽ പറഞ്ഞ മരുന്നിനങ്ങൾ ഭൂമിയിലേക്കു തിരി

ച്ചു കൊണ്ടു വരണം . അവ കൃഷി ചെയ്തും നശിപ്പിക്കാതെയിരുന്നും മനുഷ്യർ പ്രകൃതിയോടു മമതപ്പെടണം. അവ ഉപയോഗിക്കണം.

## കാന്താരി മുളക് അരയ്ക്കൂ, സ്വാദു കൂട്ടൂ, ശൈലീ രോഗങ്ങൾ അകറ്റൂ




കൊറോണ നിരോധനത്തിനു ശേഷം ചന്തക്കു പോക്കു കുറച്ചു . വീട്ടിലുള്ള അതുമിതും പറിച്ചു കറിവപ്പു തുടങ്ങി , കൂട്ടത്തിൽ അവഗണിച്ചിട്ടിരുന്ന മുറ്റത്തെ കാന്താരി മുളകു പറിച്ചു പച്ചക്കറി തോരനും ചമ്മന്തിയുമൊക്കെ ഉണ്ടാക്കി തുടങ്ങി. വ്യത്യാസം ബോദ്ധ്യപ്പെട്ടു, ഇനി പറയാതിരിക്കാൻ വയ്യ.



കറികൾക്കും ചമ്മന്തിക്കും വീട്ടുമുറ്റത്തെ നാടൻ പച്ച കാന്താരി മുളകു പാകത്തിനു ചേർത്തു അരപ്പുണ്ടാക്കിയാൽ എന്തു സ്വാദു! ഒന്നു ഉപയോഗിച്ചു നോക്കുക. ചെണ്ടൻ കപ്പക്കും ഉണക്കു കപ്പവാട്ടിയതിനും കാന്താരിക്കൂട്ടിനേക്കാൾ നല്ല കറി എന്തിരിക്കുന്നു. അല്ലേ !

മാത്രമോ, കാന്താരി മുളകിന്റെ ഔഷധ ഗുണങ്ങൾ എത്ര വലുത്!! തിരുവനന്തപുരത്തു മ്യൂസിയ ത്തിന്റെ മെയിൻ ഗേറ്റിനു മുമ്പിൽ പണ്ട് , അതി രാവിലെ ഒരു പച്ചിലക്കൂട്ടു ജൂസ് കിട്ടുമായിരുന്നു. ഇപ്പോഴു ണ്ടോ, ആവോ ! അതിലെ പ്രധാന ഘടകം പച്ച കാന്താരി മുളകായിരുന്നു.

ആഴ്ചയിലൊരിക്കൽ വീട്ടിൽ വന്നു പോകുമ്പോൾ പച്ച കാന്താരി പറിച്ചു കൊണ്ടുപോയി ആ നല്ല മനുഷ്യനു ഞാൻ വെറുതേ കൊടുക്കുമായിരുന്നു. ഈ കോവിഡു കാലത്തു കാന്താരിയിലേക്കൊന്നു മടങ്ങി നോക്കാം.

രണ്ടു കാന്താരി ചീനി മുറ്റത്തു പിടിപ്പിക്കാൻ ആർക്കാണു കഴിയാത്തത് ! നല്ല മൂത്ത കാന്താരി മുളകു പറിച്ചു ഫ്രഷയായി തോരൻ കറികൾക്കും കപ്പ, ചക്ക പുഴുക്കുകൾക്കും മാങ്ങാ ചമ്മന്തിക്കും പിന്നെ മത്തി വറക്കാനും ഉപയോഗിച്ചു നോക്കൂ. സ്വാദു ഇരിട്ടി കിട്ടുന്നതു കൂടാതെ വലിയ ഔഷധ മേന്മയും കിട്ടും.

കാന്താരിയ്ക്ക് വിപണിയിലെ വില കിലോഗ്രാമിന് 700-800 രൂപയാണ്. "കറുത്ത പൊന്ന്" എന്നറിയപ്പെടുന്ന കരമുളകിന് **290-320** രൂപ വരെയേ വിലയുള്ളുവെന്ന് ഓർക്കണം. കൊളസ്ട്രോൾ കുറയ്ക്കുന്നതിന് കൈക്കണ്ട പ്രതിവിധിയാണ് കാന്താരി, വയറുകടി, അസിഡിറ്റി, അൾസർ എന്നിവ തടയും. സാർവത്രിക പ്രചാരമുള്ള, ഫലപ്രദമായ പല വേദന സംഹാരികളിലും കാന്താരി സത്ത് പ്രധാന ചേരുവയാണ്. പഴയ കാലത്ത് വേദനയ്ക്ക് കാന്താരി കടുകെണ്ണയോ ആവണക്കെണ്ണയോ ചേർത്ത് തേച്ചിരുന്നു. കടുത്ത എരിവ് നല്കുന്ന എട്ടെരിയൻ മുളക് ശക്തമായ മരവിപ്പ് ഉണ്ടാക്കുന്നത് കൊണ്ട് ക്യാൻസർ പോലുള്ള വേദനാ രോഗങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുമെന്ന് വിദഗ്ദർ പറയുന്നു.

കൊറോണ പോലും മാറി നിന്നേക്കും! 70ന്റെ ബലത്തിലും അനുഭവത്തിലുമാണ് ഈ പറയുന്നത് .




## യെസ് ബാങ്ക് എഫ്.പി.ഒയിൽ 1760 കോടി നിക്ഷേപിക്കൻ എസ്.ബി.ഐ. തീരുമാനം

മൂലധന സമാഹരണത്തിനുള്ള യെസ് ബാങ്കിന്റെ ഫോളൊ ഓൺ പബ്ലിക് ഓഫറിൽ (എഫ്.പി.ഒ) പരമാവധി 1760 കോടി രൂപ വരെ നിക്ഷേപിക്കാൻ എസ്.ബി.ഐ. സെൻട്രൽ ബോർഡ് എക്സിക്യൂട്ടിവ് സമിതി യോഗം തീരുമാനിച്ചു. നിലവിലുള്ള 6.3% ടയർ വൺ

മൂലധനം 10% ആക്കുന്നതിന് ലക്ഷ്യമിട്ട് 10,000 കോടി രൂപ സമാഹരിക്കാനാണ് യെസ് ബാങ്ക് ലക്ഷ്യമിടുന്നത്.

മൂലധന ശേഷി മോശമായതിനെത്തുടർന്ന് 2020 മാർച്ച് 5ന് യെസ് ബാങ്കിന്റെ നിയന്ത്രണം റിസർവ് ബാങ്ക് ഏറ്റെടുത്തിരുന്നു. മാർച്ച് 18ന് എസ്. ബി. ഐ. മുൻ സി. എഫ് .ഒ. പ്രശാന്ത് കുമാറിനെ യെസ് ബാങ്കിന്റെ മാനേജിംഗ് ഡയറക്ടർ ആക്കുകയും പുതിയ ബോർഡ് രൂപീകരിച്ച് രക്ഷാ പ്രവർത്തനങ്ങൾക്ക് തുടക്ക മിടുകയുമായിരുന്നു.

## സ്റ്റേറ്റ് ബാങ്ക് വായ്പ്പകളുടെ അടിസ്ഥാന പലിശ നിരക്ക് 6.65% ആക്കി.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, മാർജിനൽ കോസ്റ്റ് ഓഫ് ഫണ്ട് അധിഷ്ഠിത (Marginal Cost-Based Lending Rates) വായ്പകളുടെ അടിസ്ഥാന പലിശ നിരക്ക് വീണ്ടും കുറച്ചു. നിലവിലെ പലിശ നിരക്ക് 7.00% ആണ്. ഇത് 0.05% - 0.10% കുറച്ചു. മൂന്ന് മാസം വരെ കാലാവധി യുള്ള ഹൃസ്വകാല വായ്പ്പകൾക്കാണ് ഈ നിരക്ക്. ഇത് ജൂലൈ 10–ാം തിയതി മുതൽ പ്രാബല്യത്തിൽ വന്നു. എല്ലാ വായ്പകൾക്കും പലിശ നിരക്ക് കുറയും.

## ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന്റെ ഉഭയ കക്ഷി ചർച്ചയിൽ ധാരണയായി.

2017 മുതൽ ഇതുവരെ നടന്ന ദീർഘമായ ചർച്ചകൾക്കൊടുവിൽ 15% വർധനയോടെ ശമ്പള പരിഷ്കരണം തീരുമാനമായി.



UFBU convenor Com.S K Bandilishji with other signatories.

ഫാമിലി പെൻഷനേഴ്സിന് ആഹ്ലാദിക്കാൻ വകയുണ്ട്. പരിധികളൊന്നും ഇല്ലാതെ അടിസ്ഥാ ന ശമ്പളത്തിന്റെ 30% ഫാമിലി പെൻഷൻ.

നിലവിൽ ഫാമിലി പെൻഷൻ കണക്കാക്കുന്ന വിധം

1) 2012, നവംബർ മാസം ഒന്നാം തീയതിയ്ക്കോ അതിനു ശേഷമോ റിട്ടയർ ചെയ്ത ഒരു പെനൻഷനറുടെ പ്രതിമാസ ഫാമിലി പെൻഷൻ നിരക്ക് താഴെ കൊടുത്തിരിയ്ക്കുന്നു :-

| അടിസ്ഥാന ശമ്പളം. രൂപ | അടിസ്ഥാന ഫാമിലി pension ഓരോ മാസവും. രൂപ |
|---|---|
| 11100 വരെ | 30% കുറഞ്ഞത് 2785 |
| 11101-22200. വരെ | 20%. 3422 |
| 22200 ന് മുകളിൽ | 15%. 4448 പരമാവധി 9284 |

## Good news – Improvement in Family Pension:

On conclusion and signing of the MoU, the Chairman of IBA and SBI, Shri Rajnish Kumar came in the meeting room and participated in the discussions. During his address to all the participants, he informed that IBA agrees in principle to improve Family Pension to uniform rate of 30% for all family pensioners without any ceiling and the existing ceilings of family pension will be removed. Necessary approval of the Government would be obtained.

## IBA proposed MOU with following:

1. Date of effect-01.11.2017
2. Total increase will be 15% of pay slip compnent as of 31.3.17 (Rs 7898 crore)
3. DA will be merged at 6352 points
 ( Average of July to Sep 2016 quarter)
4. Load 2.25% offered by IBA. Being negotiated
5. Distribution will be done separately by mutual discussion .
6. PLI to the tune of 5 days, 10 days and 15 days salary depending on profit of particular bank.
7. Misbehaviour will be gross misconduct
9. NPS contribution will be 14% with prospective effect.
10.Every year Leave encashment of 5days for all/7 days for aged 55 above.
11. Non financial issues will be finalised within 90 days of MOU.
12. Five days Issue not closed. IBA will persue with Govt.

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ഭരണ സമിതി യോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ ഭരണ സമിതി യോഗം കോവിഡ് 19 ന്റെ നിയന്ത്രണങ്ങൾ മൂലം ജൂലൈ 10-ാം തിയതി വെള്ളിയാഴ്ച പരിമിതമായ അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ നടത്തി. അത്യാവശ്യ തീരുമാനങ്ങളും ജി.ഡി.സി.എസ്. നറുക്കെടുപ്പും നടത്തി പിരിഞ്ഞു.

## ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2020 ജൂൺ മാസത്തിലെ നറുക്കെടുപ്പ് 10-ാം തീയതി വെള്ളിയാഴ്ച്ച 11.30ന് നടന്നു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

1. 25000 രൂപായുടെ കുറി - വട്ടമെത്തി
2. 25,000 രൂപായുടെ കുറി - വട്ടമെത്തി
3. 50,000 രൂപായുടെ കുറി - (55) ശ്രീ. സണ്ണി അലക്സ്
4. 100,000 രൂപായുടെ കുറി -(89) ശ്രീ. രാജൻ. പി.വർഗീസ്
5. 100,000 രൂപായുടെ കുറി -(113) കൊച്ചുറാണി മാത്യു
6. 100,000 രൂപായുടെ കുറി -(134) ശ്രീ. ജേക്കബ്ബ് തോമസ്.വി.
7. 100,000 രൂപായുടെ കുറി – (156) ശ്രീ. എം.ജെ. ജോൺ

ക്ലെയിം ഫോം ഇവിടെനിന്നു അയച്ചു തരുന്നതായിരിക്കും . അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചുതരുക. കഴിവതും ആരും ഓഫീസിൽ സന്ദർശനം നടത്താതിരിക്കുക .

കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണിയെ വിളിക്കുക.

94463 22416

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

താഴെ കൊടുത്തിട്ടുള്ള 2 "എ" ക്ലാസ് അംഗത്വത്തിനുള്ള അപേക്ഷകൾ പരിഗണിച്ചതിൽ 2നും "എ" ക്ലാസ്സ് അംഗത്വം നല്കുന്നതിന് തീരുമാനമായി. പുതിയ അംഗങ്ങൾ:-

1. ശ്രീമതി.എൽസി ടോമി
2. സി,ചന്ദ്രശേഖരൻ

### സി ക്ലാസ്സ്

കൂടാതെ ഇനിപ്പറയുന്ന 3 പേർക്ക് സി ക്ലാസ്സ് അംഗത്വവും അനുവദിച്ചു.

1. മാത്യു ടോമി
2. സരോജിനി തങ്കപ്പൻ
3. തങ്കമ്മ പീറ്റർ

**നവാഗതർക്ക് സ്വാഗതം!**

## എട്ടാമത്തെ 1,00,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

എട്ടാമത്തെ 1,00,000 രൂപായുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു. കുറച്ച് പേർക്ക് കൂടി ചേരുവാൻ അവസരമുണ്ട്. കോവിഡ് മഹാമാരിയോടനുബന്ധിച്ച് വന്ന സർക്കാർ നിയന്ത്രണങ്ങൾ മൂലം പുതിയ അംഗങ്ങളെ ചേർത്ത് ഈ ജി.ഡി.സി.എസ് . ഇനിയുംപൂർത്തിയാക്കാൻകഴിഞ്ഞിട്ടില്ല. ഉടനെയൊന്നും സർക്കാർ നിയന്ത്രണങ്ങൾ പിൻവലിക്കുമെന്ന് ഇന്നത്തെ നിലയിൽ പ്രതീക്ഷിക്കാനുമാവില്ല. അതിനാൽ ജി.ഡി.സി.എസിൽ ചേരാൻ സ്വയം മുന്നോട്ട് വന്ന് ഓഫീസ് സെക്രട്ടറിയുമായി ബന്ധപ്പെട്ട് അപേക്ഷയും സ്റ്റാന്റിങ്ങ് ഇൻസ്ട്രക്ഷനും തന്ന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ഒൻപതാമത്തെ 25,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

25000 രൂപയുടെ ഒന്നും രണ്ടും കുറികൾ വട്ടമെത്തുന്ന സാഹചര്യത്തിൽ ചെറിയ സംഖ്യയുടെ ജി.ഡി.സി.എസ് തുടർന്നും നടത്തണമെന്ന അംഗങ്ങളുടെ ആവശ്യം പരിഗണിച്ച് 25,000 രൂപ സലയുള്ള ഒരു ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുകയാണ്. വട്ടമെത്തുന്ന കുറിയിൽ അംഗങ്ങളായിരുന്നവർക്ക് തുടർന്ന് പോകുവാൻ അവസരം. ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ്ആപ്പ് നമ്പറിൽ **9446322416** ബന്ധപ്പെടുക.



**ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ 9446322416 ബന്ധപ്പെടുക.**



സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷന്റെ സംസ്ഥാന ജനറൽ സെക്രട്ടറി എ. ജയകുമാർ ബഹുമാനപ്പെട്ട ദേവസ്വം, സഹകരണ വകുപ്പ് മന്ത്രി ശ്രീ കടകംപള്ളി സുരേന്ദ്രന് തുക കൈമാറുന്നു. ഡെപ്യൂട്ടിജനറൽ സെക്രട്ടറി സുരേന്ദ്രനാഥ് ഭാസ്, ജില്ലാ ട്രഷറർ എസ് രാധാകൃഷ്ണൻ എന്നിവരേയും കാണാം.

# മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 12 ലക്ഷം രൂപ സംഭാവന

**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ കേരളത്തിലെ അംഗങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 12 ലക്ഷം രൂപ സംഭാവനയായി നൽകി.** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷന്റെ സംസ്ഥാന ജനറൽ സെക്രട്ടറി എ. ജയകുമാർ ബഹുമാനപ്പെട്ട ദേവസ്വം, സഹകരണ വകുപ്പ് മന്ത്രി ശ്രീ കടകംപള്ളി സുരേന്ദ്രന് തുക കൈമാറി.



**പെൻഷനേഴ്സ് 12 ലക്ഷം രൂപ നൽകി**

തിരുവനന്തപുരം● സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ കേരളത്തിലെ അംഗങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 12 ലക്ഷം രൂപ സംഭാവന നൽകി. മന്ത്രി കടകംപള്ളി സുരേന്ദ്രൻ ജനറൽ സെക്രട്ടറി എ.ജയകുമാർ, ഡപ്യൂട്ടി ജനറൽ സെക്രട്ടറി സുരേന്ദ്രനാഥ് ഭാസ്, ട്രഷറർ എസ്.രാധാകൃഷ്ണൻ എന്നിവരിൽ നിന്നു തുക ഏറ്റുവാങ്ങി.

ഇത് സംബന്ധിച്ച് പത്രത്തിൽ വന്ന വാർത്ത.

## യാത്രയയപ്പ്



ശ്രീ.എസ്.ജയകൃഷ്ണൻ

**35 വർഷത്തെ സേവനത്തിന് ശേഷം എസ്.ബി.ഐ. മുവാറ്റുപുഴ 'റാസ്മെക്കി'ൽ നിന്നും ഡെ. മാനേജരായി വിരമിക്കുന്ന ശ്രീ.എസ്.ജയകൃഷ്ണന് യാത്രാമംഗളങ്ങൾ!! ആരോഗ്യപൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷന്റെ എറണാകുളം ജില്ലാ ഘടകത്തിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.**

## ജൂൺ മാസത്തിൽ വിരമിക്കുന്നവർക്ക്

### ആശംസകൾ നേർന്ന് സംസ്ഥാന പ്രസിഡന്റും ജനറൽ സെക്രട്ടറിയും.

പ്രിയപ്പെട്ടവരെ,
ദീർഘകാലം ബാങ്കിൽ സഹപ്രവർത്തകരായിരുന്ന പന്ത്രണ്ട് പേർ ജൂൺ മുപ്പതിന് ഔദ്യോഗിക പദവിയിൽ നിന്നും വിരമിച്ചു റിട്ടയർമെന്റ് ജീവിതത്തിലേക്ക് കടക്കുന്നു. കഴിഞ്ഞ മൂന്ന് മാസങ്ങളിൽ സംഭവിച്ചതുപോലെ മതിയായ ഒരു യാത്രയയപ്പ് സംഘടിപ്പിച്ചു നല്ല വാക്കോതി യാത്രാമംഗളമോതാൻ ഇത്തവണയും നമുക്ക് കഴിഞ്ഞില്ല എന്നത് നൊമ്പരമായി അവശേഷിക്കുന്നു. എസ്ബിഐ.പെൻഷനേഴ്സ് അസ്സോസിയേഷന്റെ പേരിൽ എല്ലാവരുമായും ടെലിഫോണിലൂടെ ബന്ധപ്പെടാനും ആശംസകൾ അറിയിക്കാനും കഴിഞ്ഞു എന്നത് ആശ്വാസം നൽകുന്നു. സാഹചര്യങ്ങൾ അത്തരത്തിലായതിനാൽ മറ്റൊരു ഉപാധി നമുക്കില്ലല്ലോ. ജൂൺ മുപ്പതിന് വിരമിച്ച എല്ലാവർക്കും ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നതോടൊപ്പം എല്ലാവരേയും എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷനിലേ ക്ക് ഹാർദ്ദവമായി സ്വാഗതം ചെയ്യുകയും ചെയ്യുന്നു.
സ്നേഹാശംസകളോടെ,



കെ. രാജീവൻ, പ്രസിഡന്റ് & എ ജയകുമാർ ജനറൽസെക്രട്ടറി
എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ

**മഹത് വചനങ്ങൾ**




കവിത

## കൊറോണ ഒരു അനുഗ്രഹമായിടും.... ?

**ജോസ് അഴകത്ത്**



ജോസ് അഴകത്ത്

കോവിഡേ..! നിന്റെ സംഹാരതാണ്ഡവം
മാനവരാശിക്കൊരുഗ്രശാസനം.
ആരെന്നുമറിയില്ല നിൻ സൃഷ്ടികർത്താവ്
എന്താണവനുടെ ഉദ്ദേശലക്ഷ്യവും
ലോകമെങ്ങും നിന്റെ വീടായി മാറി
മാലോകരെല്ലാം നിന്നടിമകളായിതാ.

ഒരു പക്ഷേ നിന്റെ വരവനിവാര്യമോ
മനുജന്റഹന്തയ്ക്ക് മേലിട്ട കച്ചയോ?
പണവും പ്രതാപവും ഒന്നുമല്ലെന്ന്
പഠിപ്പിക്കാനായിപ്പിറന്നതോ നീ....?

ഇന്ന് നീ ഞങ്ങൾക്കൊരു പാഠ പുസ്തകം..
മാനുഷരെല്ലാം പഠിക്കട്ടെ ... പാഠം
ജാതിമതാദികൾ കോമരമാടുമ്പോൾ
മരിച്ചുവീഴുന്നിവിടെ മനുഷ്യത്വം
ഈയൊരു പാഠം പഠിക്കട്ടെ ഏവരും
അത് തന്നെയാവാം നിൻ വരവിൻ നിദാനം.

ഈക്കാരണത്താലൊരുമിച്ചാലേവരും
നിന്റെ വരവുമനുഗ്രഹമായിടും



## വായനക്കാർ എഴുതുന്നു........


www.shutterstock.com · 751048156

പ്രിയപ്പെട്ട മാത്യു,
ഇന്നലെ ഒറ്റയിരിപ്പിന് ഒയാസിസിന്റെ പുതിയ ലക്കം മുഴുവൻ വായിച്ചു തീർത്തു. സത്യം പറയാമല്ലോ എംജിആർ നെ പ്രത്യേകിച്ചും, ടീം കോട്ടയത്തെ മൊത്തമായും അഭിനന്ദിക്കാൻ പറ്റിയ ഏറ്റവും അനുയോജ്യമായ വാക്കുകൾ തിരയുക യായിരുന്നു ഞാൻ. തുടക്കത്തിലെ ബാലാരിഷ്ടത മാറി ഒയാസിസ് ഏവരുടെയും പ്രതീക്ഷകൾക്കൊ ത്ത നിലവാരത്തിലേക്ക് ഉയർന്നു കൊണ്ടിരി ക്കുന്നു എന്നതിന്റെ തെളിവാണ് ഈ ലക്കം. മനോഹ രമായ ലേഔട്ട്. ഉള്ളടക്കവും കാമ്പുള്ളത്. മൂന്ന്നാല് പേജുകളിലെ (4, 11,14,16,20) ശൂന്യമായ സ്ഥലങ്ങൾ ഒന്ന് റീ സെറ്റ് ചെയ്തു ഭംഗിയാക്കിയാൽ മാസികയുടെ രൂപം തീർത്തും കുറ്റമറ്റതായിരിക്കും. ഒരു സംശയവുമില്ല. എം.ജി.ആർ. എത്ര മാത്രം ഊർജവും സമയവും ഇതിനായി ചിലവഴിക്കുന്നു എന്ന് ഊഹിക്കാ വുന്നതേയുള്ളൂ. എന്റെ ഹൃദയം നിറഞ്ഞ നന്ദി. ഈ കോവിഡിന്റെ ആശങ്കകളും ഭയപ്പാടും നിറഞ്ഞ, മടിയും മൗഢ്യവും അറിയാതെ ആരിലും കടന്നു കൂടുന്ന, തിളക്കം നഷ്ടപ്പെട്ട, വരണ്ട ഈ ദിനങ്ങളിൽ അതിനെ പൂർണമായും അവഗണിച്ച്, തികഞ്ഞ ഉന്മേഷത്തോടെ ഇത് ചെയ്തു തീർക്കാനുള്ള ആ മനസ്സിനെ ഹൃദയം നിറഞ്ഞ് അഭിനന്ദിക്കുന്നു ഞാൻ. വീണ്ടും ഉയരങ്ങളിലേക്ക്.........കൂടുതൽ ഉയരങ്ങളിലേക്ക് കുതിക്കട്ടെ ഒയാസിസ് .
സ്നേഹത്തോടെ
രാജീവൻ. കോഴിക്കോട്, ജൂലൈ രണ്ട്, 2020



**അനുമോദനങ്ങൾ!**

## ജൂലൈ 19 ബാങ്ക് ദേശസാൽക്കരണ ദിനം

ആൾ ഇൻഡ്യാ ബാങ്ക് ഓഫീസേഴ്സ് കോൺഫെഡറേഷൻ, ആൾ ഇൻഡ്യാ ബാങ്ക് റിട്ടയറീസ് & പെൻഷനേഴ്സ് കോൺഫെഡ റേഷൻ എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ ബാങ്ക് ദേശസാൽക്കരണ ദിനമായ ജൂലൈ 19 ന് രാവിലെ 10.30 ന് നടന്ന വെബിനാർ. സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ. കെ. എൻ. ഹരിലാൽ ഉദ്ഘാടനം ചെയ്തു. *'കോവിഡ് കാലത്ത് ബാങ്കിംഗ് മേഖല നേരിടുന്ന വെല്ലുവിളികളും, ദേശസാൽക്കരണവും' എന്നതാ യിരന്നു വിഷയം. എ ഐ ബി ഒ സി മുൻ ദേശീയ ജനറൽ സെക്രട്ടറി ശ്രീ. ഡി.റ്റി. ഫ്രാങ്കോ, എഐബിഒസി സംസ്ഥാന സെകട്ടറി ശ്രീനാഥ് ഇന്ദുചൂഡൻ എന്നിവർ വിഷയം അവതരിപ്പിച്ചു.. എഐബിഒസി സംസ്ഥാന പ്രസിഡന്റ് ജി. ആർ. ജയകൃഷ്ണൻ അധ്യക്ഷത വഹിച്ചു.. മുൻ സംസ്ഥാന സെക്രടറി എബ്രഹാം ഷാജി ജോൺ മോഡറേറ്റ റായി .

എഐബിഇഎ ദേശീയ ജോയിന്റ് സെക്രട്ടറി കെ.എസ്. കൃഷ്ണ, എൻ.സി.ബി ഇ ജോയിന്റ് സെക്രട്ടറി എ. രാഘവൻ, എസ്. ബി. ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻറെ സംസ്ഥാന. പ്രസിഡന്റ് കെ. രാജീവൻ, ബെഫി സംസ്ഥാന സെക്രട്ടറി എൻ. സനിൽ ബാബു, എ.ഐ.ബി. പി.എ.ആർ.സി സംസ്ഥാന പ്രസിഡന്റ് ടോം തോമസ്, സെക്രട്ടറി ബി. ശ്രീകുമാർ , എഐബിപി എആർസി വൈസ് പ്രസിഡന്റുമാരായ ആർ. ചന്ദ്ര സേനൻ, പി.ബി. തോമസ്, വെ ബിനാർ കോ ഓർഡിനേറ്റർ ആർ.ഗിരീഷ് കുമാർ തുടങ്ങിയവർ സംസാരിച്ചു..

**1969 ജൂലൈ 19 ലെ പത്രവാർത്ത.**


19 July 1969
Nationalisation of Banks

THE TIMES OF INDIA

14 TOP BANKS ARE NATIONALISED

Ordinance follows unanimous Cabinet decision

Kamaraj, Chavan happy

'Syndicate' in disarray as Morarji goes

A vital step.

1969 ജൂലൈ 19 ലെ പത്രവാർത്ത.

# ശ്രീ.വി.ജി.സിദ്ധാർത്ഥൻ ഒരു അനുസ്മരണം



ശ്രീ.വി.ജി.സിദ്ധാർത്ഥൻ, സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയന്റെ മുൻ ജനറൽ സെക്രട്ടറി

# എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ മുൻ ജനറൽ സെക്രട്ടറി ശ്രി.ജോൺ ജോസഫിന്റെ അനുസ്മരണം

**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കേരളാ സർക്കിൾ രൂപീകൃതമായശേഷം ആദ്യമായി സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയന്റെ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട കരുത്തുറ്റ ട്രേഡ് യൂണിയൻ പ്രവർത്തകനായിരുന്ന ശ്രീ. വി.ജി.സിദ്ധാർത്ഥൻ നമ്മെ വിട്ടുപിരിഞ്ഞിട്ട് ജൂലൈ 14ന് 7 വർഷം തികയുന്നു. എന്റെ ട്രേഡ്യൂണിയൻ പ്രവർത്തന പന്ഥാവിൽ എന്നും അദ്ദേഹം മാർഗ്ഗദർശിയായിരുന്നു.**

**സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയൻ കേരളായുടെ ജനറൽ സെക്രട്ടറി സ്ഥാനത്തും റിട്ടയർമെന്റിന് ശേഷം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷന്റെ സംസ്ഥാന ജനറൽ സെക്രട്ടറി സ്ഥാനത്തും പ്രവർത്തിക്കാൻ എനിക്ക് സാധിച്ചതിന് പിന്നിൽ അദ്ദേഹത്തിന്റെ പ്രേരണയും പ്രചോദനവുമുണ്ടായിരുന്നു. അദ്ദേഹവുമൊന്നിച്ചുള്ള എന്റെ എല്ലാ പ്രവർത്തനങ്ങളേയും കുറിച്ച് ഒരുപിടി സ്നേഹ സ്മരണകൾ മനസ്സിൽ സൂക്ഷിക്കുകയാണിന്നും.**

**അദ്ദേഹത്തിന്റെ 7-ാം ചരമ വാർഷികത്തിൽ ആ മഹാസ്മണക്ക് മുന്നിൽ ഒരു ബിഗ് സല്യൂട്ട്!!,**



മുൻ ജനറൽ സെക്രട്ടറി
ശ്രി.ജോൺ ജോസഫ്

# ശ്രീ. ജി.പി.രാമചന്ദ്രന്റെ ഓർമ്മക്കുറിപ്പ്

## സഖാവ് വി ജി സിദ്ധാർത്ഥനെ ഓർമ്മിക്കുമ്പോൾ.

സ്റ്റേറ്റ് ബാങ്ക്സ്റ്റാഫ് യൂണിയൻ (കേരള സർക്കിൾ എന്ന പേര് കേൾക്കുമ്പോൾ തന്നെ ഹൃത്തടത്തിൽ സംഘടനാബോധത്തിന്റെയും സൂക്ഷ്മതയുടെയും പ്രതിബദ്ധതയുടെയും അങ്ങിനെ പല മൂല്യങ്ങളുടെയും ചൈതന്യം ജ്വലിച്ചുയർത്തുന്ന ഉജ്വല നാമവും പ്രതിനിധാനവുമാണ് സഖാവ് വി. ജി. സിദ്ധാർത്ഥൻ.

ആത്യന്തികമായി സംഘടനയോടും അംഗങ്ങളോടും സ്വന്തം സ്ഥാപനത്തോടും നിതാന്തമായ കൂറ് പുലർത്തുന്നതിൽ അങ്ങേയറ്റത്തെ മാതൃകയായിരുന്നു സഖാവ് വി.ജി. സിദ്ധാർത്ഥൻ. കേരള സർക്കിൾ രൂപീകരിക്കുന്നതിനാവശ്യമായ സമര ആശയ പ്രതലം ഒരുക്കുന്നതിൽ അദ്ദേഹം ആവിഷ്കരിച്ച ദീർഘവീക്ഷണം അനനുകരണീയമാണ്. ലയനാനന്തരം നമ്മുടെ സംഘടനക്ക് മേൽക്കോയ്മയും അപ്രമാദിത്വവും നഷ്ടപ്പെടുമോ എന്ന ഉത്ക്കണ്ഠ, വിരമിച്ചതിനു ശേഷവും അദ്ദേഹത്തെ വ്യാകുലനാക്കിയിരുന്നു. ഒരിക്കൽ കൊല്ലത്തു നിന്നോ തിരുവനന്തപുരത്തു നിന്നോ ഉള്ള മടക്കയാത്രയിൽ എറണാകുളം വരെ സഖാവുമുണ്ടായിരുന്നു. സ്ലീപ്പർ ക്ലാസിൽ പകൽച്ചൂടിലായിരുന്നു യാത്ര. സഖാവ് ശ്രീവത്സനുമുണ്ടായിരുന്നു. അന്നു മുഴുവൻ സമയവും അദ്ദേഹം പങ്കു വെച്ചത് ഈ വ്യാകുലതയായിരുന്നു.

ഇന്ന് രാവിലെ പ്രസിഡന്റ് ഈ ഫോട്ടോയിട്ടപ്പോൾ എല്ലാ ഓർമ്മയും മനസ്സിലേക്ക് തള്ളിക്കയറി വരുന്നതു പോലെ. സഖാവ് വി.ജി. സിദ്ധാർത്ഥന്റെ ഓർമ്മ പുതുക്കുമ്പോൾ ട്രേഡ് യൂണിയൻ മൂല്യങ്ങൾക്കു വേണ്ടി നമുക്ക് കൂടുതൽ ജാഗ്രത്താവാം. ആനുഷംഗികമായി പറയട്ടെ, യൂണിയൻ എന്നത് സ്വതന്ത്രാസ്തിത്വമുള്ള ആവിഷ്ക്കാരമാണ്. അല്ലാതെ ഏതെങ്കിലും മാനേജ്മെന്റ് പ്രഭൃതികളുടെ മനോവൈകൃതങ്ങളല്ല.
സഖാവ് വി ജി സിദ്ധാർത്ഥൻ നീണാൾ വാഴട്ടെ.

ജി. പി. രാമചന്ദ്രൻ

## കൊറോണാക്കാലത്തെ യോഗങ്ങൾ മുടങ്ങാതിരിക്കാൻ



കഴിഞ്ഞ 115 ദിവസങ്ങളായി കൊവിഡ്–19 പ്രോട്ടോക്കോളിന്റെ പെരുമാറ്റച്ചട്ടങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുകയാണ് നാം. ഈ മഹാമാരി അടുത്ത ഒരു ആറ് മാസത്തേയ്ക്ക് കൂടിയെങ്കിലും തുടരുവാനുമാണ് സാദ്ധ്യത. ഈ പ്രത്യേക സാഹചര്യത്തിൽ **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷന്റെ** വാർഷിക പൊതുയോഗം, ജില്ലാ മീറ്റിംഗുകൾ, സ്ട്രക്ച്ചേർഡ് മീറ്റിംഗുകൾ എന്നിവ മുടങ്ങാതിരിക്കാൻ വിഡിയോ കോൺഫറൻസ് പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ഗൌരവമേറിയ നടപടികൾ ആലോചിച്ച് തീരുമാനിക്കേ സമയം ആയി.
ക്യാപ്റ്റൻ. പ്രേം. ജി. നാഥ്,
അസി. ജനറൽ സെക്രട്ടറി

### നടപടികൾ സാർവത്രികമായി നടന്നു വരുന്നു

ഈ പ്രത്യേക സാഹചര്യത്തിൽ സ്റ്റേറ്റ് ബാങ്ക് പെൻഷണേഴ്സ് അസ്സോസിയേഷന്റെ സ്റ്റേറ്റ് കമ്മറ്റി യോഗം വിഡിയോ കോൺഫറൻസ് വഴി നടത്തുന്നതിനുള്ള പ്രാരംഭ നടപടിയെന്ന നിലയിൽ അംഗങ്ങളെ കോർത്തിണക്കി "ജിയോമീറ്റ് " വഴി ട്രയലുകൾ നടത്തുന്നതിന് മുൻകൈ എടുത്ത ക്യാപ്റ്റൻ പ്രേം.ജി.നാഥിനെ അഭിനന്ദിക്കുന്നു. ഇതിന്റെ ചുവടുപിടിച്ച് പല ജില്ലാക്കമ്മറ്റി യോഗങ്ങളും ഇതിനകം നടന്നു കഴിഞ്ഞു. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ബി. സി. ഉണ്ണികൃഷ്ണൻ നായർ, എറണാകുളം ജില്ലാ സെക്രട്ടറി ശ്രീ.രാജഗോപാൽ, ആലപ്പുഴ ജില്ലാ സെക്രട്ടറി ശ്രീ.ജയപ്രകാശ്, എന്നിവരുടെ താല്പര്യവും സഹകരണവും കൂടി എടുത്തു പറയേണ്ടിയിരിക്കുന്നു.
**അഭിനന്ദനങ്ങൾ!**
ജോസഫ് പാലക്കൻ,
ഡെ. ജനറൽ സെക്രട്ടറി, എറണാകുളം

### 07-07-20-ലെ മനോരമ വാർത്ത ഈ കുറിപ്പുമായി ചേർത്തു വായിക്കുക.
### ട്രഷറി നിക്ഷേപങ്ങൾ പത്ര പരസ്യം വേണം.
### പി.പി.ഫിലിപ്പ്



ബാങ്ക്, പോസ്റ്റ് ഓഫിസ്, ഇൻഷുറൻസ്

**അവകാശികളില്ലാതെ നൂറുകണക്കിനു കോടി**

------------------------------

വിവിധ കാരണങ്ങളാൽ , അവകാശികൾ ആരെന്നറിയാത്ത കോടിക്കണക്കിനു നിക്ഷേപങ്ങൾ ട്രഷറികളിലും ബാങ്കുകളിലുമുണ്ട്. ലഭ്യമായ വിലാസങ്ങളിൽ കത്തുകളയച്ചിട്ട് , ആരും അവകാശപ്പെട്ടു വരുന്നില്ലെങ്കിൽ ഈ ട്രഷറി നിക്ഷേപങ്ങൾ കണ്ടുകെട്ടി സർക്കാർ എടുക്കുമെന്നു ഒരു വാർത്ത കണ്ടു.
ഇങ്ങനെ കത്തുകൾ അയച്ചു സമാധാനിച്ചിട്ടു കണ്ടുകെട്ടുന്നത് ശരിയല്ല .ഈ കത്തുകളെ കുറിച്ചു അറിവു ലഭിക്കാത്ത അനേകം യഥാർത്ഥ അവകാശികൾ ഉണ്ടാവാം. നിക്ഷേപങ്ങളെ കുറിച്ചും അവർക്ക് അറിവുണ്ടാകില്ല. പിന്നെ

അവർ എങ്ങനെ അറിയും, അവകാശപ്പെടും ? അതിനു , ഇത്തരം നിക്ഷേപങ്ങളുടെ പൂർണ വിവരങ്ങളുള്ള പത്ര പരസ്യങ്ങൾ തന്നെ വേണം..

പത്ര പരസ്യങ്ങൾക്കു ശേഷം ഒരു പ്രഖ്യാപിത കാലാവധിക്കുള്ളിൽ അവകാശികൾ എത്തുന്നില്ലെങ്കിൽ സർക്കാരിനു കണ്ടുകെട്ടൽ പോലുള്ള നടപടിയാകാം. ഇതു ഗൗരവമുള്ള ഒരു കാര്യമാണ്. ജനങ്ങളെ ഒരു സൗകര്യം കണ്ട് ബാങ്കുകളും സർക്കാരും ദ്രോഹിക്കരുതു്.

പ്രിയ മാത്യു,

11–ാം ബൈ പാട്ട്രിയേറ്റ് സെറ്റിൽമെന്റ് സംബന്ധമായി പലരുടേയും സംശയങ്ങളും വ്യാകുലതകളും വട്ട്സാപ് ഗ്രൂപ്പിൽ കാണുന്നുണ്ട്. എന്നാലീ വിഷയത്തിൽ ഒരു പുരോഗതിയും ഇല്ല താനും. പാവം പെൻഷൻകാർക്ക് പൊള്ളയായ വാഗ്ദാനങ്ങൾ നല്കി ആശിപ്പിക്കുന്നതല്ലാതെ കൈകാര്യകർത്താക്കൾ ഒന്നും ചെയ്യുന്നില്ലെന്നതാണ് വാസ്തവം. ഇതവർ മനസ്സിലാക്കുന്നതാണ് നല്ലത്. നമ്മുടെ ഫെഡറേഷൻ ജനറൽ സെക്രട്ടറിയുടെ സന്തോഷവും പങ്കിടുന്ന വിവരങ്ങളും ഇതുവരെയുള്ള അനുഭവത്തിന്റെ പശ്ചാത്തലത്തിൽ വഴുതിപ്പോകുന്ന മീനാകാനേ സാദ്ധ്യതയുള്ളു. എം.ഒ.യു.വിൽ പെൻഷൻകാർക്ക് എന്താണ് ഉള്ളത്? ഫാമിലി പെൻഷൻ സംബന്ധമായി ഒരു പ്രസ്താവന! അത് എം.ഒ.യു.വിൽ ഇല്ല. 01.05.2015 നു മുൻപ് റിട്ടയർ ചെയ്തവരുടെ 100% ഒപ്പുവെച്ച കരാറുകൾ പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇന്നും പ്രസ്താവനയായിത്തന്നെ നിലനില്ക്കുന്നു. നമ്മുടെ ഭാരവാഹികളെങ്കിലും ഈ സ്ഥിതി മനസ്സിലാക്കാത്തതിൽ നിരാശയുണ്ട്.



ആന്റണി ഡി'ക്കൂട്ട.
(ഇംഗ്ലിഷിലുള്ള കത്തിന്റെ പരിഭാഷ.)

# കോവാക്സിൻ

## പ്രതീക്ഷയോടെ ഭാരതം




കോവിഡിന് എതിരെ ഇന്ത്യയിൽ തദ്ദേശീയമായി വികസിപ്പിച്ച് എടുത്ത കോവാക്സിൻ ഓഗസ്റ്റ് 15 ഓടെ വിപണിയിൽ എത്തിയേക്കും.

## കൊവാക്സിൻ മനുഷ്യരിൽ പ്രയോഗിക്കുവാനുള്ള അനുമതിയായി. പരീക്ഷണം മൂന്നാം ഘട്ടത്തിലേയ്ക്ക് കടന്നു..

ഹൈദരാബാദിലെ ഭാരത് ബയോടെക് ആണ് വാക്സിൻ വികസിപ്പിച്ചത്. ഡോ.വി.കെ.ശ്രീനിവാസും ടീമും ചേർന്ന് വികസിപ്പിച്ചതാണ് കൊവാക്സിൻ എന്ന കൊറോണ വാക്സിൻ.

പ്രധാനമന്ത്രിയുടെ സ്വാതന്ത്ര്യദിന പ്രസംഗത്തിൽ വാക്സിൻ സംബന്ധിച്ച നിർണ്ണായക പ്രഖ്യാപനം ഉണ്ടാകുമെന്ന് കരുതുന്നു.



ഭാരത് ബയോടെക്ക് വൈസ് പ്രസിഡന്റ് ഡോ. വി.കെ.ശ്രീനിവാസ്, താനും തന്റെ ടീമും ചേർന്ന് വികസിപ്പിച്ച കൊറോണാ വാക്സിന്റെ ക്ലിനിക്കൽ ട്രയിലിനായുള്ള ആദ്യ ഡോസ് ആത്മവിശ്വാസത്തോടെ സ്വീകരിക്കുന്നു.

## നർമ്മ വീഥി

ഭാര്യയും ഭർത്താവും തമ്മിൽ ഭയങ്കര അടി വഴക്കിനിടയിൽ ഭർത്താവ് : സുന്ദരി ആയതിന്റെ അഹങ്കാരം ആണ് നിനക്ക്..
ബ്രേക്ക് ഇട്ടപോലെ അടി നിന്നു..
പിന്നെ ചായയായി..
ബജിയായി..
ഗുണപാഠം:
രോഗത്തിന് എതിരെയാണ് പോരാടേണ്ടത്... രോഗിയോടല്ല..

## കോവിഡിന് എതിരെ




## ജൂലൈ മാസം 31ന് റിട്ടയർ ചെയ്യുന്ന സുഹൃത്തക്കളോട്

### നിങ്ങൾക്കേവർക്കും ആശംസകൾ നേരുന്നു.

1) Radahakrishnan Naiar P, Kollengode
2) Jayakrishnan.RASMEC MUVATTUPUZHA
3) Vidyakumari Eswara - AO Kollam
4) Xavier Karipatt Chavara - SH College
5) Somasekharan Pillai S-Kayamkulam
6) Anil S. - LHO TVM
7) Subbulakshmi A - Thrissur
8) Ramani .P -TVM Spl NRI
9) Joykutty G - Charumood
10) Vasudevan Kallingal -Parappanga
11) Rajagopalan B -Kozhinjampara
12) Mathew P K -RASMECC Kollam
13) James Thoranathil -RASMEC MVKA
14) Krishna Panju S -TVM Treasury
15) Raphael Elizabeth Rani -Parassala
16) Jayasree P - Kaviyoor
17) Abraham Joseph -Trivandrum RBO
18) Suresan P K -TVM A O
19) Ashok Kumar Anna Raj -Kollam RBO

ജീവിതത്തിന്റെ ഒരു ഭാഗമായിരുന്ന വലിയ ഒരു ബാങ്കിങ് പ്രസ്ഥാനത്തോട് ഇന്ന് ഏതാനും മണിക്കൂർകൾക്കുശേഷം വിട പറയുകയാണ് . ഇന്നലെ യാത്രയയപ്പ് യോഗങ്ങൾ നടന്നുകാണുമല്ലോ. അതിൽ സാക്ഷികളാകാൻ ഞങ്ങൾക്ക് എല്ലാവർക്കും ആഗ്രഹമുണ്ടായിരുന്നു. പക്ഷേ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ അതിന് സാധിക്കത്തില്ലല്ലോ !

എന്നാൽ ഇനിയുള്ള നിങ്ങളുടെ രണ്ടാം ഇന്നിംഗ്സിൽ ഞങ്ങളും നിങ്ങളുട കൂടെയുണ്ട്.
നിങ്ങൾക്ക് ഒരു തണലായി നമ്മുടെ SBI പെൻഷനേഴ്സ് അസ്സോസിയേഷനും. എല്ലാവരെയും ഈ സംഘടനയിലേക്ക് സ്വാഗതം ചെയ്യുന്നു.
ഒരിക്കൽ കുടി എല്ലാവർക്കും ഹാപ്പി റിട്ടയേർഡ് ലൈഫ് ആശംസിക്കന്നു.
ജോസഫ് പാലക്കൻ DGS &
മാത്യു അടയ്ക്കമുണ്ടക്കൽ DGS
(പ്രോഗ്രാം കോർഡിനേറ്റർസ് )



പൂവിട്ട് ചെമ്പകം

## മഹത് വചനങ്ങൾ

### സ്നേഹമാണഖിലസാരമൂഴിയിൽ...




> നിങ്ങൾ വെളിച്ചത്തിലായിരിക്കുമ്പോൾ
> എല്ലാം നിങ്ങളെ അനുഗമിക്കും.
> ഇരുട്ടിലേയ്ക്ക് പ്രവേശിക്കുമ്പോൾ
> നിങ്ങളുടെ സ്വന്തം നിഴൽ
> പോലും നിങ്ങളെ പിന്തുടരുകയില്ല!
> -അഡോൾഫ് ഹിറ്റ്ലർ



# കണ്ണീർ പ്രണാമം!!!

## നിര്യാതനായി
## ശ്രീ.വി.പി.സുകുമാരൻ



വാണിഭ പീടികയിൽ സുകുമാരൻ

**ശ്രീ.വി.പി.സുകമാരൻ(74), വാണിഭ പീടികയിൽ എൽ.എം.1154 കാലിഫോർണിയായിൽ വച്ച് നിര്യാതനായ വിവരം ഖേദപൂർവ്വം റിപ്പോർട്ട് ചെയ്യുന്നു. കോഴിക്കോട് ശാഖയിൽ മാനേജരായിരുന്നു. ഭാര്യ ശ്രീമതി.കെ. ഉമാദേവി, (റിട്ട. ഡെപ്യൂട്ടി മാനേജർ), മക്കൾ സുമേഷ്, സ്മിതേഷ്. മരുമക്കൾ ഡോ.ദീപയും ഡോ.രഷ്മിയും.** അദ്ദേഹത്തിന്റെ ആത്മാവിന് നിത്യ ശാന്തി നേരുന്നതോടൊപ്പം കുടുംബത്തിന്റെ വേദനയിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷൻ പങ്കുചേരുകയും ചെയ്യുന്നു. **എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആദരാഞ്ജലികൾ!**

## ഡോ. കെ.കെ.കുരിയാക്കോസ്
## നിര്യാതനായി

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം ശ്രീമതി. മെറിനാ എബ്രഹാമിന്റെ ഭർത്താവ് ഡോ. കെ.കെ.കുരിയാക്കോസ് (റിട്ട. പ്രൊഫ. ബസേലിയൊസ് കോളേജ്, കോട്ടയം) അന്തരിച്ച വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനു വേണ്ടി ഡെ.ജനറൽ സെക്രട്ടറി ശ്രി.മാത്യു അടയ്ക്കാമു ക്കൻ, ജില്ലാ സെക്രട്ടറി ശ്രീ.പി.എം.ജേക്കബ്ബ് എന്നിവർ റീത്ത് വെച്ച്

ആദരാഞ്ജലികളർപ്പിച്ചു. അസി. ജനറൽ സെക്രട്ടറി ശ്രീ.പി.എസ്. രാജമോഹനൻ നായർ ഭവനത്തിലെത്തി കുടുംബാംഗങ്ങളെ ആശ്വസി പ്പിക്കുകയും ചെയ്തു.



ഡോ. കെ.കെ.കുരിയാക്കോസ്

അദ്ദേഹത്തിന്റെ ആത്മാവിന് നിത്യ ശാന്തി നേരുന്നതോടൊപ്പം കുടുംബത്തിന്റെ വേദനയിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേ ഷൻ പങ്കുചേരുകയും ചെയ്യുന്നു.

## തിരുത്ത്

## ശ്രീ.ജി.രാമസുബ്രഹ്മണ്യൻ* നിര്യാതനായി



ജി. രാമസുബ്രഹ്മണ്യൻ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകളം യൂണിറ്റ് അംഗം (LM 2935) ശ്രീ.ജി. രാമ സുബ്രഹ്മണ്യൻ അന്തരിച്ച വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണീർ പ്രണാമം. **അദ്ദേഹത്തിന്റെ ആത്മാവിന് നിത്യ ശാന്തി നേരുന്നതോടൊപ്പം കുടുംബ ത്തിന്റെ വേദനയിൽ** എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷൻ **പങ്കുചേരുകയും ചെയ്യുന്നു.**

*** 2020 ജൂൺ ലക്കത്തിൽ ശ്രീ. ജി. രാമ സുബ്രഹ്മണ്യന്റെ പേര് ജി. ബാലസുബ്രഹ്മണ്യം എന്ന് തെറ്റായി ചേർക്കാനിടയായതിൽ നിർവ്യാജം ഖേദിക്കുന്നു. ഈ തെറ്റ് ശ്രദ്ധയിൽ പെടുത്തിയ ശ്രീ. നാരായണ സ്വാമിക്ക് നന്ദി.**
**മാനേജിംഗ് എഡിറ്റർ**

## പി.ഉണ്ണികൃഷ്ണൻ നായർ (എൽ.എം.395) നിര്യാതനായി

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തൃശ്ശൂർ ജില്ലാ കേന്ദ്രത്തിലെ (LM 2935) ശ്രീ. പി.ഉണ്ണികൃഷ്ണൻ നായർ **അന്തരിച്ച വിവരം ഖേദപൂർവ്വം അറിയിക്കുന്നു.** വിയോഗത്തിൽ ദുഖിതരായ കടുംബാംഗങ്ങളോടൊപ്പം എസ്.ബി. ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്ക് ചേരുന്നു.



പി.ഉണ്ണികൃഷ്ണൻ നായർ

## എ.എൻ.രാധാകൃഷ്ണൻ നിര്യാതനായി

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷ ന്റെ കണ്ണൂർ ജില്ലാ കേന്ദ്രത്തിലെ (വിശ്വഭാരതി കോമ്പൌണ്ട്, പള്ളിക്കുന്ന്, കണ്ണൂർ) ശ്രീ. എ.

എൻ. രാധാകൃഷ്ണൻ (LM 261) ബാംഗ്ലൂരിലെ ജാലഹള്ളിയിലുള്ള വസതിയിൽ അന്തരിച്ചു. മൈബ്രോ സ്ഥാപനത്തിന്റെ ബാംഗ്ലൂരു ശാഖയുടെ മേൽനോട്ടത്തിന്റെ സൗകര്യാർത്ഥം ജലഹള്ളി യിൽ വീട് വച്ചു താമസിച്ചുവരികയായിരുന്നു. 87 വയസ്സായിരുന്നു. വസ്ത്രനിർമ്മാണ രംഗത്തെ പ്രമുഖരായ മൈബ്രോ ലോഞ്ചറുടെ സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായിരുന്നു. ഭാര്യ ലാലു, മക്കൾ സൈലൻ രാധാകൃഷ്ണൻ, മിലൻ രാധാ കൃഷ്ണൻ. മരുമക്കൾ നീതു, സരിത.




എ.എൻ.രാധാകൃഷ്ണൻ

**അദ്ദേഹത്തിന്റെ ആത്മാവിന് നിത്യ ശാന്തി നേരുന്നതോടൊപ്പം കുടുംബ ത്തിന്റെ വേദനയിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷൻ പങ്കുചേരുകയും ചെയ്യുന്നു.**

## ശ്രീ.എം.സി.പ്രവീൺ അന്തരിച്ചു

**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ കോഴിക്കോട് ശാഖയിൽ സ്പെഷ്യൽ അസിസ്റ്റന്റ് ആയിരുന്ന പ്രിയയിൽ മുള്ളങ്കണ്ടി ചക്കിയത്ത് വീട്ടിൽ എം.സി.പ്രവീൺ നിര്യാതനായി. 62 വയസ്സായി രുന്നു. കഴിഞ്ഞ രണ്ടാഴ്ച്ചയായി കടുത്ത പ്രമേഹരോഗബാധയെത്തുടർന്ന് ചികിത്സയിലായി രുന്നു. സഹോദരി റീത്ത.**



**എം.സി.പ്രവീൺ**

**എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷൻ സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കുചേരുന്നതോടൊപ്പം പരേതാത്മാവിന് നിത്യ ശാന്തി നേരുകയും ചെയ്യുന്നു.**

## ആദരാഞ്ജലികൾ!

## ശ്രീ.എം.ശിവരാമൻ നായർ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കൊല്ലം ജില്ലാ കേന്ദ്രത്തിലെ ഏറ്റവും സീനിയറായ, മുതിർന്ന അംഗം (എൽ.എം.19) എം.എസ്.നായർ എന്നറിയപ്പെടുന്ന ശ്രീ.എം. ശിവരാമൻ നായർ (94) അന്തരിച്ച വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു.



എം.എസ്.നായർ

അദ്ദേഹത്തിന്റെ മൂന്ന് മക്കളിൽ ഒരാളായ ശ്രി.ഗോപകുമാർ എസ്.ബി.ഐ. റിട്ട. സ്റ്റാഫ്, നമ്മുടെ കൊല്ലം ജില്ലാ കേന്ദ്രത്തിലെ അംഗമാണ്. പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു. കോവിഡ് നിയന്ത്രണങ്ങൾ നിലവിലുള്ളതിനാൽ സംസ്ക്കാരച്ചടങ്ങുകളിൽ പങ്കെടുക്കാൻ കഴിയാത്തതിൽ ഖേദിക്കുന്നു.



വൈസ് പ്രസിഡന്റ് ശ്രീ. ഗണപതി കൃഷ്ണൻ അയച്ചു തന്ന ശ്രീ.എം.എസ്.നായരുടെ ഒരു പഴയകാല ചിത്രം. 1985 ൽ റിട്ടയർമെന്റ് ചടങ്ങിൽ സംബന്ധിക്കുമ്പോഴെടുത്ത ചിത്രത്തിൽ നിന്നും.

# തിരുവനന്തപുരം ജില്ലാക്കമ്മിറ്റിയുടെ മുൻ സിക്രട്ടറി
# ആർ.രാധാകൃഷ്ണൻ നായർ



ശ്രീ.ആർ.രാധാകൃഷ്ണൻ നായർ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ലാക്കമ്മിറ്റിയുടെ മുൻ സിക്രട്ടറിയും ഇപ്പോൾ കമ്മറ്റി അംഗവും ആയ ശ്രീ.ആർ.രാധാകൃഷ്ണൻ നായർ ജൂലൈ 20ന് വൈകുന്നേരം 4.10 ന് ആശുപത്രിയിൽ വച്ച് നിര്യാതനായി എന്ന വിവരം വളരെ വ്യസനത്തോടെ അറിയിക്കുന്നു. സംഘടനയുടെ ആരംഭ കാലം മുതൽ സംസ്ഥാന കമ്മിറ്റി അംഗമായി പ്രവർത്തിച്ച അദ്ദേഹം എഴുപത്തിയഞ്ച് വയസ് തികഞ്ഞതിനാൽ 2019ൽ സ്ഥാനം ഒഴിയുകയായിരുന്നു.

സംഘടനയുടെ ഒരു ഡയറക്ടറി രണ്ടായിരത്തിപതിന്നാല് ജൂൺമാസം പതിനഞ്ചാം തീയതി പ്രസിദ്ധീകരിച്ചതിൽ അദ്ദേഹം വഹിച്ച പങ്ക് അദ്വിതീയമായിരുന്നു.

സംഘടനാ പ്രവർത്തനത്തിന് ഉദാത്ത മാതൃകയായിരുന്ന രാധാകൃഷ്ണൻ നായരുടെ വിയോഗത്തിൽ ദുഃഖിതരായ കുടുംബാംഗങ്ങളോടൊപ്പം പ്രാർത്ഥനാ നിരതമായ കൂപ്പുകൈകളോടെ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും ചേരുന്നു.

## ആർ.രാധാകൃഷ്ണൻ നായരെ അനുസ്മരിച്ച് സംസ്ഥാന പ്രസിഡന്റ് കെ. രാജീവൻ

അത്യന്തം ദുഃഖകരമായ വാർത്ത കേട്ട് മനസ്സ് അങ്ങേയറ്റം വിഷമിച്ചിരിക്കുന്ന അവസ്ഥയിലാണ് ഞാൻ. ശസ്ത്രക്രിയക്ക് ശേഷം സുഖം പ്രാപിച്ചു വരികയാണെന്ന വാർത്തക്ക് പിറകെയായി ആരോഗ്യസ്ഥിതിയിൽ ഇത്തിരി ആശങ്കതോന്നുതായ ഡോക്ടറുടെ റിപ്പോർട്ട്. അപ്പോഴും, സാധാരണ നിലയിലേക്ക് തിരിച്ചു വരും എന്ന പ്രത്യാശ മനസ്സിൽ സൂക്ഷിച്ചിരിക്കയായിരുന്നു. പരിചയപ്പെട്ടനാൾമുതൽ മനസ്സിൽ നിറഞ്ഞു നിന്ന രാധാകൃഷ്ണൻ നായരുടെ രൂപത്തിന് ആരിൽ നിന്നും ബഹുമാനം ആർജിച്ചെടുക്കുന്ന ഒരു സവിശേഷത യുണ്ടായിരുന്നു. എടുപ്പിലും നടപ്പിലും വാക്കിലും അങ്ങേയറ്റം വ്യത്തിയും പരിശുദ്ധിയും സസൂക്ഷ്മം പരിപാലിച്ചിരുന്ന കറകളഞ്ഞ വ്യക്തി. പറയേണ്ട കാര്യങ്ങൾ വളച്ചുകെട്ടില്ലാതെ പറയാനുള്ള ആർജ്ജവം കൂടെ കൊണ്ട് നടന്നിരുന്നു എപ്പോഴും.പരസ്പരം കണ്ട് മുട്ടിയ അസംഖ്യം അവസരങ്ങളിൽ, പ്രത്യേകിച്ചും പെൻഷനേഴ്സ് അസോസിയേഷനിൽ ഭാരവാഹികളായി പ്രവർത്തിച്ചിരുന്ന അവസരങ്ങളിൽ പരസ്പര ബഹുമാനത്തിന്റെ അദൃശ്യമായ അംഗവിക്ഷേപങ്ങൾ ഞങ്ങൾ കൈമാറിയിരുന്നു എന്നത് ഈ നിമിഷത്തിൽ ഞാൻ മനസ്സിലാക്കുന്നു. ആലങ്കാരിക പ്രയോഗങ്ങൾ മാറ്റിനിർത്തി ഒറ്റ വാക്കിലൊതുക്കിപ്പറയട്ടെ, ആർ രാധാകൃഷ് ണൻ നായർ എന്ന സംശുദ്ധനായ വ്യക്തി നമുക്കിടയിൽ നിന്നും നിതാന്ത വിശ്രമം തേടി യാത്രയായി. എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷന് അദ്ദേഹം നൽകിയ വിലപ്പെട്ട സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നു. ആദരപൂർവ്വം

രാജീവൻ

## ശ്രീമതി.ത്രേസ്യാമ്മ നൈനാൻ



**ശ്രീമതി.ത്രേസ്യാമ്മ നൈനാൻ**

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ അംഗം ശ്രീമതി.മേരി ആൻ വർഗീസിന്റെ ഭർതൃമാതാവ് ത്രേസ്യാമ്മ നൈനാൻ (100) നിര്യാതയായ വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. മുട്ടുചിറ കരിങ്ങാചിറ കടുംബാംഗമാണ്. സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ സംസ്ക്കാരം നടത്തി. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷൻ പങ്കുചേരുന്നു. പരേതാത്മാവിന് നിത്യ ശാന്തി നേരുകയും ചെയ്യുന്നു.

## പി.ഇസഡ്.മാത്യു (84) റിട്ട. റീജിയണൽ മാനേജർ എസ്.ബി.റ്റി. നിര്യാതനായി



പി,ഇസഡ്.മാത്യു (84) പുതിയാപറമ്പിൽ റിട്ട. റീജിയണൽ മാനേജർ എസ്.ബി.റ്റി. നിര്യാതനായി എന്ന വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. സംസ്കാര ശിശ്രൂഷകൾ 22.07.2020 ബുധനാഴ്ച്ച ഭവനത്തിൽ ആരംഭിച്ച് പാലാ സെന്റ് തോമസ് കത്തീഡ്രൽ പള്ളി കടുംബ കല്ലറയിൽ നടത്തി. പരേതാത്മാവിന് നിത്യശാന്തി നേരുന്നു. എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ ആദരാഞ്ജലികൾ!

# ജോൺ .സി.പി.



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തൃശ്ശൂർ ജില്ലാ കേന്ദ്രത്തിലെ അംഗം ശ്രീ. **ജോൺ .സി.പി. (എൽ.എം.1344) ഗുരുതരമായ ഹൃദയാഘാതത്തെത്തുടർന്ന് വീട്ടിലേയ്ക്ക് പോകും വഴി അന്തരിച്ച വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കു ചേരുന്നു.** പരേതാത്മാവിന് നിത്യ ശാന്തി നേരുകയും ചെയ്യുന്നു.

# സിസ്റ്റർ മെറ്റിൽഡ



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി ജില്ലാ കേന്ദ്രത്തിലെ അംഗം ശ്രീ.ബേബി ആഗസ്തിയുടെ ഭാര്യ ശ്രീമതി. **ലീലാമ്മ ബേബി ആഗസ്തിയുടെ മൂത്ത സഹോദരി സിസ്റ്റർ മെറ്റിൽഡ, (79) ഇഹലോകവാസം വെടിഞ്ഞ വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. സംസ്കാര ശിശ്രൂഷകൾ 27.07.2020 തിങ്കളാഴ്ച്ച മാറിക കോൺവെന്റ് സെമിത്തേരിയിൽ നടന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു. എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ ആദരാഞ്ജലികൾ!**

# ശ്രീ.ശശി ജെ.അലക്സ് റിട്ട. അസി. ജനറൽ മാനേജർ അന്തരിച്ചു



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് അംഗം (LM 1240) ശ്രീ.ശശി. **ജെ.** അലക്സ്, റിട്ട. അസി. ജനറൽ മാനേജർ (72) **പുതുക്കേലിൽ, കെ.പി.വള്ളോൻ റോഡ് , കടവന്ത്ര** അന്തരിച്ചുവെന്ന **അത്യന്തം ദുഃഖകരമായ വാർത്ത റിപ്പോർട്ട് ചെയ്യുന്നു.**

**അദ്ദേഹം കോട്ടയം മെയിൻ ശാഖയിലും, രവിപുരത്ത് എൻ.ആർ.ഐ ശാഖയിലും റിട്ടയർമെന്റിന് തൊട്ടു മുൻപ് ഫോർട്ട് കൊച്ചിയിലെ സ്റ്റേറ്റ് ബാങ്ക് ലേണിങ്ങ് സെന്ററിലും** അസി. ജനറൽ മാനേജർ **ആയിരുന്നു. ഐ.പി.എസ്. സെലക്ഷൻ ഉപേക്ഷിച്ച് ബാങ്കിൽ ചേർന്നയാളായിരുന്നു. മുൻ ചീഫ് ജനറൽ മാനേജരായിരുന്ന ശ്രീമതി. രാധാ ഉണ്ണി അദ്ദേഹത്തിന്റെ ബറ്റ്ച്ച്മേറ്റ് ആയിരുന്നു. കർത്തവ്യനിർവഹണ**

ത്തിൽ യാതൊരു വിട്ടുവീഴ്ച്ചകൾക്കും തയാറി ല്ലാതിരുന്ന ആളായിട്ടാണ് അറിയപ്പെട്ടിരുന്നത്. കടവന്ത്ര വള്ളോൻ റോഡിലെ വീട്ടിലെത്തി യാൽ ആരെയും വിസ്മയിപ്പിക്കുന്ന കുറേ പ്രാക്തന വസ്തുക്കളുടെ കളക്ഷൻ കാണാം. നിലവിളക്കുകൾ, തൂക്ക് വിളക്കുകൾ, വിവിധ തരം ഗണപതി വിഗ്രഹങ്ങൾ തുടങ്ങി ഒട്ടേറെ വസ്തുക്കൾ. പ്രത്യക്ഷത്തിൽക്കാണുന്ന ശശി അലക്സിനെ സാധൂകരിക്കാത്തവയാണെല്ലാം.

സംസ്കാര ശിശ്രൂഷകൾ മല്ലപ്പള്ളിയിലുള്ള സെൻ്റ് ജോൺസ് ബെഥനി ഓർത്തൊഡോക്സ് വലിയ പള്ളിയിൽ ജൂലൈ 29ന് നടത്തി. കറകളഞ്ഞ വ്യക്തിത്വത്തിനുടമയായിരുന്ന ശ്രീ. ശശി. ജെ. അലക്സിന് എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആദരാഞ്ജലികൾ!



ശീ.ശശി ജെ.അലക്സ്: ഒരു പഴയ ഫോട്ടോ

## ആദരപൂർവ്വം

ശീ.ശശി അലക്സ് എന്ന തികച്ചും വ്യത്യസ്തനായ, ഇരിപ്പിലും നടപ്പിലും ഭാവഹാദികളിലും ജന്മസിദ്ധമായ എക്സിക്യൂട്ടീവ് പരിവേഷം തുളുമ്പി യിരുന്ന വ്യക്തിത്വം അൽപം മുൻപ് നമുക്കിടയിൽ നിന്നും ഇറങ്ങിപ്പോയി. കുറച്ചു നാളുകളായി അസുഖ ബാധിത നായിരുന്നു. നിലപാടുകളിൽ ഉറച്ചു നിന്നു പ്രവർത്തിച്ച വ്യക്തിയായിരുന്നു അദ്ദേഹം. ഒരു പക്ഷെ ആ ഒരു കാരണം കൊണ്ട് തന്നെ അർഹിച്ചിരുന്ന സ്ഥാനങ്ങൾ അദ്ദേഹത്തിന് ലഭ്യമായില്ല എന്നൊരു തോന്നൽ എനിക്കുണ്ട്. അദ്ദേഹത്തിന്റെ വിയോഗത്തിൽ അത്യഗാധമായ ദു: ഖം രേഖപ്പെടുത്തട്ടെ.

കെ രാജീവൻ, പ്രസിഡന്റ്

## ആദരാഞ്ജലികൾ.

റീജിയണൽ മാനേജർ ആയിരിക്കുമ്പോൾ CM(HR) എന്ന നിലക്ക് അടുത്തിടപെഴുകുവാൻ കഴിഞ്ഞു. കരുത്താർന്ന വ്യക്തിത്വം. അല്പം പരുപരുത്ത പുറംചട്ടക്കുള്ളിൽ സ്നേഹം നിറഞ്ഞ ഹൃദയം. ബോദ്ധ്യപ്പെട്ടാൽ താനെടുത്ത തീരുമാനങ്ങൾ മാറ്റാനുള്ള ഹൃദയ വിശാലത. ബാങ്കിന്റെ അത്യുന്നതങ്ങളിൽ എത്തേണ്ടിയിരുന്ന വ്യക്തിയായിരുന്നുവെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

റ്റി.ബാലഗോപാല മേനോൻ
പ്രസിഡന്റ്, കോഴിക്കോട് ജില്ലാ കേന്ദ്രം

## PERSONAL LOSS

Great personal loss to me. Very few understood him. As my SIB Manager at MG Road Branch, he was a dependable support to me. Very few know that he resigned from IPS to join SBI. Had sterling qualities of Head and Heart. RIP.

Padmakumar, Former Chairman
Federal Bank

# ശ്രീ.കെ.ബി.ചന്ദ്രമോഹൻ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ലാ കേന്ദ്രത്തിലെ അംഗം ശ്രീ.കെ.ബി.ചന്ദ്രമോഹൻ (എൽ.എം.8111) ''താര'' 73, തമ്പുരാൻ മുക്ക് തിരുവനന്തപുരം അന്തരിച്ച വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു



ശ്രീ.കെ.ബി.ചന്ദ്രമോഹൻ

പരേതാത്മാവിന് നിത്യശാന്തി നേരുന്നു. എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ ആദരാഞ്ജലികൾ!

# ശ്രീ.രഘുനാഥൻ ആചാരി



ശ്രീ.രഘുനാഥൻ ആചാരി

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കൊല്ലം ജില്ലാ യൂണിറ്റ് അംഗം ശ്രീ.രഘുനാഥൻ ആചാരി (70) ജൂലൈ 31ന് ഉച്ച കഴിഞ്ഞ് ര ു മണിക്ക് ഓച്ചിറയിലെ ചങ്ങൻകുളങ്ങര ആർ.സി.പി.എം. ആശുപത്രിയിൽ വച്ച് അന്തരിച്ച വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു.

## ശ്രീ.രഘുനാഥൻ ആചാരിയെ അനുസ്മരിച്ച് കാസർഗോഡ് ജില്ലാ സെക്രട്ടറി ശ്രീ. എം.വിജയൻ

ശ്രീ. ശ്രീ.രഘുനാഥൻ ആചാരി കാഞ്ഞങ്ങാട് ശാഖയിൽ എന്നോടൊപ്പം സഹപ്രവർത്തകനായിരുന്നു. ശാഖയിലെ എല്ലാവരും അദ്ദേഹവുമായി അടുത്ത വ്യക്തി ബന്ധം പുലർത്തിയിരുന്നു. ഞാനുമായി വളരെ അടുത്ത ബന്ധമാണുണ്ടായിരുന്നത്. ശ്രീ.രഘുനാഥൻ ആചാരിയുടെ ആകസ്മിക നിര്യാണത്തിൽ അഗാധമായ ദുഖം രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.



കാസർഗോഡ് ജില്ലാ സെക്രട്ടറി ശ്രീ. എം.വിജയൻ

.

**P.S:** ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന എല്ലാ ആശയങ്ങളും അഭിപ്രായങ്ങളും എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല.


## പത്രാധിപസമിതി

## രക്ഷാധികാരി

ശ്രീ.മാത്യു അടയ്ക്കമുണ്ടക്കൽ

മാനേജിംഗ് എഡിറ്റർ
ശ്രീ.എം.ജി.രാഘവൻ
ചീഫ് എഡിറ്റർ ശ്രീ.പി.പി.ഫിലിപ്പ്
പത്രാധിപ സമിതി അംഗങ്ങൾ
പി.എം.ജേക്കബ്
സി.പി.മാത്യു
എം.പി.പുഷ്കരൻ
സി.കെ.വിശ്വനാഥൻ നായർ
ഈശോ ചെറിയാൻ
ജോൺ വി. ചെറിയാൻ
ജോസഫ് ജോൺ
ത്രേസ്സ്യാമ്മ ആന്റണി
കെ. കെ.പാപ്പച്ചൻ


ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടേക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും. അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.